സഭാ ചന്ദ്രിക

(മാസത്തിൽ രണ്ടു തവണ)

ആലുവാ തൃക്കുന്നത്തു് സിമ്മനാരിയിൽനിന്നും

Registered No. T. 179.

Dated 3rd April 1948.

Licence No. 570.

പുസ്തകം 1 — 1124 കുംഭം 30 — ലക്കം 22

"ഞാൻ വാതില്ക്കൽ നിന്നു് മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും."

വെളി. 3 : 20

വിഷയവിവരം.

(ലേഖകന്മാരുടെ അഭിപ്രായത്തിനു് പത്രാധിപർക്കു് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.)

		പേജു്.
കവർപേജുകൾ: —	പ്രതിദിന വേദവായനക്കുറിപ്പു്, "സന്ദേശം" എന്ന പത്രം, വൈദീകയോഗം,	2, 3, 4.
	സിമ്മനാരി പിരിവുലിസ്റ്റ്	421.
1.	Divorce & Marriage (Quoted)	423.
2.	വിശ്വാസിയുടെ പ്രയാണം (Fr. V. C. Gheevarghese)	425.
3.	സഭകൾ തമ്മിലുള്ള വ്യത്യാസം (Mr. V. M Abraham)	427.
4.	പ്രാർത്ഥനയും സ്തോത്രവും (Mr. P. C. Andrews B. A.)	428.
5.	സമാഗമനകൂടാരം (തുടർച്ച)	430.
6.	പദ്യം: ജൈത്രയാത്ര (മി. സി. ജെ. മണ്ണുമ്മൂട്ടു്)	430.
7.	മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി സംഘം വ്യവസ്ഥകൾ (സംഘം ജനറൽ സെക്രട്ടറി) ...	432.
8.	ക്രിസ്തീയ ലഘുതത്വോപദേശങ്ങൾ (തുടർച്ച)	433.
9.	ചോദ്യോത്തരപംക്തി	434.
10.	പുനരൈക്യപ്രസ്ഥാനം (Fr. Athumkal)	436.
11.	സ്വാതന്ത്ര്യം (മി. പി. പി. ഗീവറുഗീസ്)	438.
12.	ഇന്നത്തെ സണ്ടേസ്കൂൾ പ്രവർത്തനം (മി. കെ. സി. സ്കറിയ)	439.
13.	ബാലപംക്തി	439.
14.	വി: പൌലോസിന്റെ ജീവചരിത്രം (തുടർച്ച)	

വരിസംഖ്യ ഒരാണ്ടത്തേക്കു് അഞ്ചൽമാർഗ്ഗം 6 ക. — തപാൽമാർഗ്ഗം 7 ക.

24 ലക്കങ്ങൾവരെ 6 ക. യാണു് വരിസംഖ്യ. അതിനാൽ 6 ക. തരാതെ കുടിശ്ശിഖയായി കിടക്കുന്നവർ ഉടനെ ബാക്കി സംഖ്യ "മാനേജർ, സഭാ ചന്ദ്രിക, ആലുവാ" എന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കണമെന്നപേക്ഷ.

ദിവസേന ഉപയോഗിപ്പാനുള്ള വേദവായന ഭാഗങ്ങൾ.

1949 ഓഡോർ (മീനം) 16—31; 1124 മീനം 16—മേടം 1; 1949 മാർച്ച് 29—ഏപ്രിൽ 13.

ദിവസം	സുറി.	മല.	ഇം.	
ചൊവ്വ	16	16	29	സന്ധ്യ. മത്താ: 20:1—16; പ്രഭാ. മത്താ: 11:25—12:8.
ബുധൻ	17	17	30	പാതിനോയമ്പ് സന്ധ്യ. മത്താ: 17:22—27 7:14—15; 3:13—21.
വ്യാഴം	18	18	31	സന്ധ്യ. ലൂക്കാ: 15:11—32; പ്രഭാ. മത്താ: 19:16—26.
വെള്ളി	19	19	1	സന്ധ്യ. ലൂക്കാ: 16:19—31; പ്രഭാ. ലൂക്കോ: 17:1—10.
ശനി	20	20	2	ലൂക്കോ: 9:10—17.
ഞായർ	21	21	3	ക്ലീപ്പോ: 5-ാം ഞായറാഴ്ച; ലൂക്കോ: 13:10—17.
തിങ്കൾ	22	22	4	പ്രഭാ. ലൂ: 4:31—41.
ചൊവ്വ	23	23	5	സന്ധ്യ. മർക്കോ: 3:1—12; പ്രഭാ. മർക്കോ: 5:2—20.
ബുധൻ	24	24	6	മർക്കോ: 6:30—46; പ്രഭാ. മത്താ: 14:14—23.
വ്യാഴം	25	25	7	അറിയിപ്പിന്റെ പെരുന്നാൾ. ലൂക്കോ: 1:26—38.
വെള്ളി	26	26	8	സന്ധ്യ മർക്കോ: 5:21—43; പ്രഭാ. മത്താ: 9:18—31.
ശനി	27	27	9	ലൂക്കോ: 6:1—11.
ഞായർ	28	28	10	സമിയൊ. 6-ാം ഞായറാഴ്ച; യോഹ: 9:1—41.
തിങ്കൾ	29	29	11	ലൂക്കോ: 18:31—34; 19:1—10.
ചൊവ്വ	30	30	12	സന്ധ്യ. ലൂക്കോ. 9:18—27; പ്രഭാ. മർക്കോ: 10:32—45.
ബുധൻ	31	1	13	സന്ധ്യ. മത്താ: 8:23—9:1; മർക്കോ: 4:25—41; മത്താ: 9:2—8

സന്ദേശം വീണ്ടും പുറപ്പെടുന്നു!

114 മുതൽ മുടങ്ങികിടന്ന "സന്ദേശം" വീണ്ടും തുടങ്ങുവാൻ ഗവണ്മെന്റനുവാദം കിട്ടിയവിവരം, അതിന്റെ പൂർവ്വപത്രബന്ധുക്കളെയും സമുദായസ്നേഹികളായ മറ്റെല്ലാമാന്യന്മാരേയും അറിയിക്കുവാൻ ഞങ്ങൾക്ക് അപരിമിതമായ ചാരിതാർത്ഥ്യമുണ്ട്.

സമുദായസേവനവും രാജ്യസേവനവുമാണ് ഞങ്ങളുടെ ഉദ്ദേശം. അന്ത്യോഖ്യാ സിംഹാസനത്തോട് എപ്പോഴും ഭക്തിയുള്ളവരായി ജീവിപ്പാൻ മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ഒരു ആഹ്വാനം നല്കുക എന്നുള്ളതാണ് പരമപ്രധാനമായ ജീവിതോദ്ദേശം. ശിഥിലീഭവിച്ച ക്രൈസ്തവസമുദായത്തിന് ഒരു ഏകീകരണം ഉണ്ടാക്കുവാൻ ഞങ്ങൾ ശ്രമിക്കും; അതു നമുക്ക് ആവശ്യവുമാണ്. അപകടസംപൂർണ്ണമായ രാഷ്ട്രീയ യുഗത്തിൽ നിരാധാരരായി ജീവിക്കുന്ന നാം, ഐകമത്യബോധമില്ലാതെ പരസ്പരം തല്ലിക്കലഹിച്ച് ജീവിക്കുന്നുവെങ്കിൽ, അത് നമ്മുടെ ജീവിതത്തിന്റെ നിർണ്ണായകഘട്ടമായി പരിണമിച്ചേക്കാം.

അതിനാൽ സമുദായാഭിമാനികളെ! ഞങ്ങളുടെ സദുദ്യമത്തെ നിങ്ങൾ ഉദാരപൂർവ്വം വീക്ഷിച്ചാലും.

പത്രാധിപർ.

റിവ്യൂ ഹർജിയിന്മേലുള്ള വാദം.

പാത്രിയർക്കീസ് ഭാഗത്തേയ്ക്ക് അനുകൂലമായി വിധിച്ച ഹൈക്കോടതി തീരുമാനത്തിന്മേൽ കാതോലിക്കാ പക്ഷക്കാർ റിവ്യൂ ഹർജി കൊടുത്തിരിക്കയാണല്ലോ. റിവ്യൂ സ്വീകരിക്കാമൊ, വേണ്ടയോ എന്ന വാദം ഈ മാസം 10—ം 11—ം തീയതികളിൽ ചീഫ് ജസ്റ്റീസ് മി. പുതുപ്പിള്ളി കൃഷ്ണപിള്ളയുടെ ബഞ്ചിൽ കേൾക്കുകയുണ്ടായി. പാത്രിയർക്കീസ് ഭാഗത്തേയ്ക്ക് ബോംബെയിലെ അഡ്വൊക്കേറ്റ് ജനറൽ മി. ഡഫ്ത്താരിയും കാതോലിക്കാ പക്ഷത്തേയ്ക്ക് മദ്രാസിലെ അഡ്വൊക്കേറ്റ് ജനറൽ മി. രാജഗോപാലാചാരിയും വാദിച്ചു. കേസ്സ് വിധി പറയുന്നതിനായി വെച്ചിരിക്കുന്നു.

☞ വരിസംഖ്യ മുഴുവൻ തരാത്തവർക്ക് ഇതാ ഉടനെ വി. പി. അയക്കുന്നു.

DIVORCE and MARRIAGE

CHRIST'S WORDS ON THE MARRIAGE RELATION FORBID DIVORCE AND REMARRIAGE.

BEFORE we turn to the Savior's words in this connection let us remind ourselves that we are interested in what the Scriptures actually teach in these matters and not what is the concensus of opinion of any group of men however eminent. If we have preconceived ideas let us try to divest our minds of them and fairly considerthe words and the context.

Even a casual reading of the two longer passages in Matthew 10 and Mark 10 will show that the Lord Jesus Christ was setting forth the Divine mind with respect to the institution of marriage

(a) From the very beginning there were only two, one man and one woman. (b) The marriage relation was to supersede the relation of the son to the parents, because a man was enjoined to leave his father and his mother and "cleave" unto his wife.

(c) The two are to be "ONE FLESH". This is twice repeated. They are not any longer reckoned to be two but ONE (Matt. 10: 5, 6). It would seem that the Saviour could not have been more specific in setting forth the indissoluble nature of the marriage relation after the two have become one. No exception is allowed in the thunderous declaration, "*What God hath joined together let not man put asunder!*" Being convinced from these words that Christ is setting forth an irrefragable union we are disinclined to believe from the outset that He will later introduce an exception that will dissolve the in-dissoluble or break the unbreakable. To do so would be for Him to contradict Himself, to stultify Himself.

So drastic are His words, so contrary to the looseness of the times in which He lived, so great an advance upon the allowances of the great Lawgiver, that they immediately take issue with Him and demand of Him why Moses made certain concessions and permitted divorce after marriage. He replies that it was on account of the hardness of their hearts.

Bereft of the Holy Spirit as an indwelling presence since Adam's fall without the example of the God-man who lived in poverty and self-sacrifice and died in agony and ignominy, the hearts of men, under the law were ignorant, impenitent, hard. "*But*", He repeats, "*from the beginning it was not so.*" It was not so in the sinlessly felicitous condition in which the first couple found themselves and it is not to be so when by the impartation of the Spirit at Pentecost men and women are to be made partakers of that beloved Adam the last—the period of Grace.

DEMON OF DIVORCE

Now we come to verse nine in the great battleground, the verse which the ignorant have wrested and the vicious have perverted to provide an aperture through which the demon of divorce has been permitted to enter the Body of Christ. This writer admits with shame that he himself was formerly one of "the ignorant who wrested" the verse to mean something that with careful consideration and hallowed study it obviously does not mean.

When we viewed the blighting effects of divorce within that which calls itself the church and became convicted that we and others had spoken all too glibly about "Scriptural grounds for divorce" without any very careful study of the two verses of almost identical phraseology (Matt. 5:32, 19:9), from which such "grounds" were allegedly derived, we set ourselves to discover the truth

We know of no occassion on which we have carefully and openmindedly set ourselves to know the truth of any passage under the guidance of the Blessed Holy Spirit that

we have been left further in darkness or error. This occasion was no exception.

"And I say unto you, whosoever shall put away his wife, except it be for fornication and shall marry another, committeth adultery; and whoso marrieth her which is put away, doth commit adultery." If the verse is read at first ommitting the parenthetical phrase, "except it be for fornication," it will be seen that divorce and remarriage are forbidden in the strongest terms. What a volume of sin and wickedness has been excused with that little parenthetical phrase!

We note that the exception rests with the word "fornication," while the word "adultery" occurs twice later on in the same verse Exactly the same thing is true in Matt. 5:32. We are forced to conclude then that there is a definite distinction in the use of the two words "fornication" and "adultery" The consultation of any reputable English dictionary will show that "fornication" means "illegitimate sex relation on the part of an unmarried person," while "adultery" means "Illegitimate sex relation on the part of a married person."

A study of the Greek words which these English words are used to translate will show about the same meanings, with the difference that *porneia* (fornication) widens out on some occasions to mean general unchastity. However, when in this verse Christ uses it in contradistinction to *moikeia* (adultery) we are compelled to the conclusion that it is used in its specific sense of premarital impurity.

A simple illustration will aid us in understanding the issue. The word *"man"* has both a specific and a general meaning. Specifically it means the male of the human species. In general it means the whole of the genus *homo*. The context will always reveal whether it is used in its general or its specific sense. If the word *"man"* is used in the same sentence with the word *"woman,"* one is sure that it is used in its specific and not in its general sense.

SCRIPTURE NEVER MAKES ADULTERY GROUND FOR DIVORCE

So it is with *porneia* and *moikeia*. When these words are used together they denote a contrast and no amount of sophistry or obscurantism can make them synonymous or interchangeable. ***Fornication here simply does not mean adultery*** unless words have lost their meaning, and it is a reflection if not an insult to the *omniscient* Son of God to insinuate that He was unable te express Himself clearly in such an important statement. If He had intended to make adultery a ground for divorce under His law He could very easily have said so. When He meant *moikeia* (adultery), He said "*Moikeia*".

The cause of the misunderstanding of this passage by many honest hearts lies in a difference between Oriental and Occidental customs and terminology When a Westerner reads the words, "Whosoever shall put way his wife, except it be for fornication," etc., he naturally supposes that "fornication" is used of something of which a "wife" can be guilty. A "wife" with us is one who has already entered into the marriage relation. It is never used of a young woman who is merely betrothed. But in the East betrothal is a very serious affair and is legally as binding as marriage itself, so that even before the marriage is consummated the young woman is a wife.

This is seen in the first chapter of Matthew, where in verse nineteen we read, "Then Joseph her *husband*........was minded to *put her away* privily." He was NOT her husband according to our usual terminology as the verse preceding clearly state. Mary was merely "espoused" to him. The same thing appears in the next verse in which the Angel Gabriel counsels Joseph, "Fear not to take unto thee Mary thy *wife*." She was not yet his wife according to our usage. The use of wife for a betrothed girl is seen also in Deut. 22:24.

It was the *real* occurrence in the case of a betrothed wife of what Joseph *thought* had occurred in the case of Mary that Christ had reference to in Matt. 19:9 as a just cause for terminating a betrothal contract which had not yet eventuated in marriage. It is noteworthy that Joseph planned to put away Mary. This implies a legal process and not merely an oral disavowal. The verb used in his case is exactly the same verb as the one used in every instance where it is translated "divorce"—*apoluo*. While Joseph himself, on the assurance of the Angel, became convinced that Mary had *not* committed fornication, the stigma of illegitimate birth pursued the Blessed Lord Jesus all through His life and never left His lovely mother. This is seen in the wicked taunt that His adversaries hurled at Him in later years, "We be not born of fornication ......" (John 8:41). It serves only one purpose for us, and that is the further clarification of the use of that ugly word—unwed motherhood is in variably that *porneia*.

We believe that every fairminded reader will follow us in concluding that the parenthetical phrases "saving for the cause of fornication" and "except it be for fornication," in Matt. 5:32 and 19:9, respectively, are not to be taken to contradict the whole trend of His remarks wherein He is setting forth the indissolubility of the marriage relation and the union into one flesh of two bodies but simply to allow of the termination of a betrothal contract if the woman is found guilty of impurity before the marriage is consummated.

It is deeply significant that in Marks gospel, written more for the Romans than the Jews, the words of Christ with respect to the unbreakable nature of the marriage bond are again set forth, but the exception is omitted (Mk. 10:2-12). The Gospel of Luke, written by a Greek to a Greek, carries only the one verse on the subject (16:18) in which Christ unequivocally affirms that divorce and remarriage are adultery.

(Quoted)

വിശ്വാസിയുടെ പ്രയാണം.

Fr. V. C. Gheevarghese B. A.

"ഞങ്ങളേയൊ, താൻ നമ്മുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശം തരുവാൻ അതിൽ കൊണ്ടുവന്നാക്കേണ്ടതിന് അവിടെനിന്നും പുറപ്പെടുവിച്ചു." ആവ. 6: 23.

ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രവർത്തനവും ഉദ്ദേശവും ഈ ഒരു ഒററ വാക്യത്തിൽ എഴുതിയിട്ടുണ്ട്. "അവിടെനിന്ന് പുറപ്പെടുവിച്ചു." എന്നു പറയുന്നിടത്ത് ദൈവത്തിന്റെ പ്രവർത്തനം കാണുന്നു. മിസ്രയിമിൽനിന്നാണ് പുറപ്പെടുവിച്ചത്. "അതിൽ കൊണ്ടുവന്നാക്കേണ്ടതിന്"— ഏതിൽ? കനാൻദേശത്ത്. അവിടെ ദൈവത്തിന്റെ ഉദ്ദേശവും കാണുന്നു.

തിരുവെഴുത്തുകൾ മൂന്നു കാര്യങ്ങൾ തെളിവായി പറയുന്നുണ്ട്. (1) ദൈവം നമ്മെ പാപത്തിന്റെ അടിമത്വത്തിൽ നിന്നും വിടുവിക്കും. (2) സ്വാതന്ത്ര്യത്തിന്റെയും ജയത്തിന്റെയും ഒരു ജീവിതത്തിൽ ദൈവം നമ്മെ കൊണ്ടുവന്നാക്കും. (3) ദൈവത്തിന്റെ ഈ രണ്ടു പ്രവർത്തനങ്ങൾക്കും മനുഷ്യൻ വശപ്പെട്ടുകൊടുത്താൽ മാത്രമെ അവ നടക്കുകയുള്ളു.

മേലുദ്ധരിച്ച വാക്യം മോശ കല്പിച്ചിട്ടുള്ളതാണ്. അക്കാലത്ത് ഇസ്രായേല്യർ മിസ്രയിം വിട്ടിരുന്നു. എന്നാൽ അവർ കനാൻനാട്ടിൽ എത്തിയിരുന്നില്ല. ഇസ്രായേല്യരിൽ അനേകങ്ങൾക്ക് കനാനിൽ പ്രവേശിപ്പാനും കഴിഞ്ഞില്ല. എന്നാലൊ, മരുഭൂമിയിൽ അവർ പട്ടുപോകയാണ് ചെയ്തത്. എല്ലാക്കാലത്തും ഉള്ള പലരുടേയും അനുഭവത്തോട് ഇതു് ഒത്തുവരികയും ചെയ്യുന്നു.

തേറഹിന്റെ അനുഭവം.

തേറഹും കുടുംബവും കൽദയരുടെ പട്ടണമായ "ഊർ" എന്ന സ്ഥലത്തുനിന്നും ദൈവം അവൎക്കു് കാണിച്ചുകൊടുക്കാമെന്ന് വാഗ്ദത്തം ചെയ്ത നാട്ടിലേക്കായി പുറപ്പെട്ടു. എന്നാൽ അവർ വാഗ്ദത്തദേശത്ത് എത്തുന്നതിനു മുമ്പ് ഹാരാനിൽ വന്നു പാർത്തു. തേറഹ് ഹാരാനിൽവച്ച് മരിച്ചു. (ഉല്പ. 11: 31—32) ഉന്നതമായ ഉദ്ദേശത്തോടുകൂടി അവർ പുറപ്പെട്ടു. എന്നാൽ ഉദ്ദിഷ്ട സ്ഥലത്ത് അവർ ചെന്നുചേർന്നില്ല. ദൈവത്തിന്റെ

പ്ലാൻ അവർ നടത്തിയില്ല. ഹാരാൻ, താമസിക്കുന്നതിന് ഒരു നല്ല പ്രദേശമായിരുന്നു. അവക്കും അവരുടെ മൃഗങ്ങൾക്കും വേണ്ടുന്ന സ്ഥലവും ഭക്ഷണവും അവിടെ ഉണ്ടായിരുന്നു. അതിനാൽ കുറെനാൾ മാത്രം അവിടെ താമസിപ്പാൻ വിചാരിച്ചു. ഉടൻതന്നെ പുറപ്പെട്ടുകൊള്ളാമെന്ന് ഓരോ ദിവസവും വിചാരിച്ച് കഴിച്ചുകൂട്ടി. അവസാനം തേറഹ് രോഗശയ്യയിലായി, അവൻ മരിച്ചു. അവന്റെ കാലത്ത് യാത്ര തുടരുവാൻ സാധിച്ചില്ല. അവന്റെ പിൻഗാമികളായ അബ്രാം, ലോത്ത്, അവരുടെ കുടുംബങ്ങൾ എന്നിവർ പിന്നീട് കനാനിൽ ചെന്നുചേർന്നു. തേറഹ് അവരോടൊന്നിച്ച് പുറപ്പെട്ടുവെങ്കിലും അവരുടെ കൂടെ കനാനിൽ പ്രവേശിച്ചില്ല. അവൻ പഴയതിൽനിന്നും പുറപ്പെട്ടു; പുതിയതിൽ ചെന്നെത്തിയുമില്ല. വഴിമദ്ധ്യേ ഒരു വിശ്രമസ്ഥലം അവന്റെ ലക്ഷ്യമാക്കിക്കളഞ്ഞു. അവൻ യാത്ര തുടന്നില്ല എന്നുമാത്രമല്ല, അവന്റെ കൂടെയുള്ളവരേയും, അവൻ കുടുംബത്തലവനാകയാൽ, നിരോധിക്കുകയും ചെയ്തു. നമ്മിൽ പലരും പുതിയ ജീവിതത്തിൽ ചെന്നുചേരുന്നില്ലെന്നു മാത്രമല്ല, പലരുടേയും യാത്രക്ക് പ്രതിബന്ധവും വരുത്തുന്നു—ഇതു വായിക്കുന്ന ആരെങ്കിലും തേറഹിനെപ്പോലെയാണൊ? അങ്ങിനെയുള്ളവൻ വഴിയിൽ വച്ച് മരിച്ചുപോകും.

യാക്കോബിന്റെ അനുഭവം.

ഇനി യാക്കോബിന്റെ അനുഭവം എടുക്കാം. ഈ പിതാവിന്റെ ജീവിതത്തിൽ രണ്ടു വലിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഒന്ന് ബേഥേലിൽവച്ചും മറ്റൊന്ന് പെനിയേലിൽവച്ചും ആണ്. ആദ്യത്തേതു് അവൻ ഭവനത്തെ വിട്ടുപോയപ്പോഴുള്ളതും രണ്ടാമത്തേതു് അവൻ ഭവനത്തിലേക്ക് മടങ്ങി വരുമ്പോഴുള്ളതുമാണ്. ബേഥേലിൽവച്ച് യാക്കോബിനുണ്ടായ അനുഭവം ഒരു മാനസാന്തരത്തിന്റെ അനുഭവമാണ്. ആ കാലംവരെ അവന് ഒരു ദൈവീകബോധം ഉണ്ടായിരുന്നില്ല. അവന്റെ ബാഹ്യജീവിതത്തിന്റെ സുഖങ്ങൾക്കുവേണ്ടി ഒരു സാധാരണ മനുഷ്യനെപ്പോലെ മാത്രം ജീവിച്ചിരുന്നു. ആത്മീയവശങ്ങളെ സംബന്ധിച്ച് അവൻ അധികം കണ്ടിരുന്നില്ല. എന്നാൽ ബേഥേലിൽവച്ച് അവന് ആത്മീയലോകത്തിന്റെ ഒരനുഭവമുണ്ടായി. ദൈവീകശബ്ദം അവൻ കേട്ടു. അന്നുമുതൽ അവന്റെ ജീവിതത്തിന് പണ്ടത്തേതിൽനിന്നും ഒരു വ്യത്യാസം ഉണ്ടാകേണ്ടതായിരുന്നു. മാനസാന്തരത്തിന്റെ രാത്രി കഴിഞ്ഞുവരുന്ന പകൽ ഒരുവന്റെ ജീവിതത്തിൽ പ്രധാനങ്ങളായ പല സംഭവങ്ങളും ഉണ്ടാകുന്നതായിരിക്കും. ആ പകൽ അവന്റെ ഭാവിജീവിതത്തിനുള്ള ഒരു അടിസ്ഥാന കല്ലായിരിക്കണം. യാക്കോബ് പിറ്റേദിവസം ചെയ്യേണ്ട ചില കാര്യങ്ങൾ ഉണ്ടായിരുന്നു. മാനസാന്തരത്തിലേക്ക് വരുന്ന ഒരുവൻ മറ്റുള്ളവരോട് ചെയ്തുപോയ തെറ്റിനെ ശരിപ്പെടുത്തുവാൻ ഉടനെ ശ്രമിക്കേണ്ടതാണ്.

യാക്കോബ് അവന്റെ പിതാവായ ഇസഹാക്കിനേയും അവന്റെ ജ്യേഷ്ഠനായ ഏശാവിനേയും വളരെ വേദനിപ്പിച്ചിട്ടുണ്ട്. ഈ സമയം യാക്കോബ് ഏശാവിന്റെ കോപത്തിൽനിന്നും ഓടിപ്പോകയായിരുന്നല്ലൊ. ബേഥേലിലെ ദർശനശേഷം യാക്കോബ് വീട്ടിലേക്ക് മടങ്ങിപ്പോകേണ്ടതായിരുന്നു. ഏറ്റുപറച്ചിൽകൊണ്ടും ത്യാഗംകൊണ്ടും ചെയ്തുപോയ തെറ്റുകൾക്ക് കഴിവുള്ള പരിഹാരം ഉണ്ടാക്കേണ്ടതായിരുന്നു. എന്നാൽ യാക്കോബ് അങ്ങിനെ ചെയ്തില്ല. അവൻ പദ്ദൻആരാമിലേക്കുതന്നെ യാത്ര തുടന്നു. 20 കൊല്ലം അവിടെ പാർത്തു. അവിടെയുള്ള ജീവിതക്രമം ഉല്പത്തി 29—31 വരെ അദ്ധ്യായങ്ങളിലുണ്ട്. അവിടെയുള്ള കൗശലങ്ങളും സൂത്രങ്ങളും ബേഥേലിലെ ദിവ്യദർശനത്തിന് അനുകൂലങ്ങളല്ലായിരുന്നു. അവന്റെ ബർശേബാ അനുഭവത്തിൽനിന്നും ബേഥേലിൽവച്ച് അവനു വ്യത്യാസം വന്നുവെങ്കിലും ഹെബ്രോൻ അനുഭവത്തിലേക്ക് അവൻ വന്നെത്തിയില്ല.

ഇങ്ങനെ വഴിമദ്ധ്യേ കിടക്കുന്നവർ മാനസാന്തരപ്പെട്ടവരിൽ അനേകർ കാണും. ഇസ്രായേൽ മിസ്രയിം വിട്ട് കനാനിൽ എത്തിയുമില്ല. വഴിമദ്ധ്യേവച്ചുതന്നെ അവരിൽ അനേകരും മരിച്ചുപോയി.

യാക്കോബ് പദ്ദൻആരാമിൽനിന്നും കനാനിലേക്ക് തിരിയെ പോകുമ്പോൾ യബ്ബോക്ക് നദീമുഖത്തു് വന്നുചേർന്നു. അവിടെവച്ച് അവൻ ദൈവത്തെ വീണ്ടും കൂട്ടിമുട്ടി. ലൂസിൽവച്ച് ആരംഭിച്ചതു് യബ്ബോക്ക് നദീമുഖത്തുവച്ച് അവസാനിച്ചു. അതിന് ഇരുപതു കൊല്ലം വേണ്ടിവന്നു. യബ്ബോക്ക് നദീമുഖത്തിന് പെനിയേൽ എന്നാണ് പേർ. ബേഥേൽ = ദൈവത്തിന്റെ ഭവനം. പെനിയേൽ = ദൈവത്തിന്റെ മുഖം. ബേഥേലിന്റെ അനുഭവമുള്ള പലരും പെനിയേലിന്റെ അനുഭവത്തിൽ വന്നെത്തിയിട്ടില്ല. ദൈവത്തിന്റെ ഭവനത്തിൽ പോകുന്ന അനേകരും ദൈവത്തിന്റെ മുഖം കാണാതിരിക്കാറുമുണ്ട്. ഒരാളുടെ മാനസാന്തരം കഴിഞ്ഞിട്ട് ദൈവഹിതത്തിന് കീഴ്പ്പെടാതെ യാക്കോബിനെപ്പോലെ ഇരുപതു കൊല്ലം കളയുന്നവരെ കണ്ടേക്കാം. യാക്കോബിന്റെ ചരിത്രം തേറഹിന്റേതിനേക്കാൾ വിശേഷമേറിയതാണ്. എന്തെന്നാൽ, തേറഹ് ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേർന്നില്ല.

യാക്കോബ് ഇരുപതു കൊല്ലങ്ങൾ നഷ്ടപ്പെടുത്തിയെങ്കിലും ഉദ്ദിഷ്ടസ്ഥാനത്ത് വന്നുചേർന്നു. നഷ്ടപ്പെട്ടുപോയ കൊല്ലങ്ങൾ തിരിയെ ലാഭിക്കുവാൻ സാദ്ധ്യവുമല്ല.

ഇസ്രായേൽജാതിയുടെ അനുഭവം.

ദൈവം മിസ്രയിമിലെ അടിമത്വത്തിൽനിന്നും അത്ഭുതകരമായ തന്റെ ശക്തിയാൽ ഇസ്രായേൽജനത്തെ വീണ്ടെടുത്തു. അവരെ വാഗ്ദത്തദേശത്തിന്റെ അതിരുവരെ നടത്തി. എന്നാൽ അവിടെ അവർ മത്സരിച്ച്, വീണ്ടും മരുഭൂമിയിലേക്കു മടങ്ങി. 38 കൊല്ലത്തോളം അലഞ്ഞുനടന്നു. ഇങ്ങിനെ ഒരു തലമുറ മുഴുവൻ നശിച്ചുപോയി. ദൈവം അവരെ എല്ലാവരേയും വെളിയിൽ കൊണ്ടുവന്നു. എന്നാൽ അവരിൽ അനേകംപേരും അകത്തു പ്രവേശിച്ചില്ല.

പുതിയനിയമത്തിലെ ലേഖനങ്ങളെല്ലാം ക്രിസ്ത്യാനികൾക്കായി എഴുതിയതാണ്—മാനസാന്തരപ്പെട്ടവർക്കായിതന്നെ. എന്നാൽ അവയിൽ മാർഗ്ഗമദ്ധ്യേയുള്ള ജീവിതത്തെപ്പറ്റിയുള്ള ഉപദേശങ്ങൾ കാണുന്നു. എന്തെന്നാൽ, പാപത്തിന്റെ അടിമയിൽനിന്നും രക്ഷിക്കപ്പെട്ടുവെങ്കിലും, ജയജീവിതത്തിലേക്ക് പ്രവേശിച്ചില്ല. പ്രാകൃതമനുഷ്യൻ മാമ്മോദീസാ മുങ്ങിയാലും ജഡീക ക്രിസ്ത്യാനിയായിരിക്കാവുന്നതാണ്. പ്രാകൃത മനുഷ്യനിൽനിന്നും മാറിയെങ്കിലും ആത്മീയ ക്രിസ്ത്യാനിയായില്ല. മിസ്രയിമിനും കനാനിനും മദ്ധ്യേ, മാമ്മോദീസാ മുങ്ങിയ അനേകം ആത്മാക്കളും അലഞ്ഞുനടക്കുന്ന ഒരു മരുഭൂമിയുണ്ട്. മാമ്മോദീസാ മുങ്ങുകയും വി: കർബ്ബാന അനുഭവിക്കുകയും ചെയ്തുവെന്നുവരികിലും നിത്യജീവൻ നഷ്ടപ്പെട്ടുപോയ അനേകരുണ്ട്.

വി: പൗലോസ്

മിസ്രയിമിനെ വിടുകയും കനാനിൽ പ്രവേശിക്കയും ചെയ്യാത്ത ഒരു അവസ്ഥയിൽ വി: പൌലോസിന്റെ ഒരു നിലവിളി, റോമ.7:24-ൽ നാം വായിക്കുന്നു. "അയ്യോ! ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?" ഒന്നാമത്തെ രക്ഷക്കും രണ്ടാമത്തെ രക്ഷക്കും മദ്ധ്യേയുള്ള ഒരു നിലവിളിയത്രെ ഇതു്. എന്നാൽ റോമ. 8-ാം അദ്ധ്യായം ജയശാലിയായ വി: പൗലോസിന്റെ ജയഭേരിയാണ്. റോമ. 8-ാം അദ്ധ്യായം നാം പലവട്ടം പഠിക്കേണ്ട ഒരു ഭാഗമാണ്. അപ്രകാരമുള്ള ഒരു ജയജീവിതം നമുക്കുണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

മനുഷ്യരെ 3 തരമായി തിരിക്കാം. (1) പാപത്തിന്റെ അടിമയിൽ കിടക്കുന്ന പ്രാകൃതമനുഷ്യൻ. (2) സ്വാർത്ഥത്തിന്റെ അടിമയിൽ കിടക്കുന്ന ജഡീകക്രിസ്ത്യാനി. (3) പരിശുദ്ധാത്മ നിയന്ത്രണത്തിൽ ജീവിക്കുന്ന ആത്മീയക്രിസ്ത്യാനി. ക്രിസ്തുവിനെ രക്ഷിതാവായി കൈക്കൊള്ളാത്തവർ ഒന്നാം വകുപ്പിൽ ഉൾപ്പെടുന്നു. മാമ്മോദീസാ, വി: കർബാന എന്നീ കൂദാശകൾ കൈക്കൊണ്ടിട്ടും ക്രിസ്തുവിന് സമപ്പിച്ചുകൊടുക്കാതെ സ്വയഹിതത്തിന് അടിമപ്പെട്ട് ജീവിക്കുന്നവർ രണ്ടാംവകുപ്പുകാരാണ്. അവർ മിസ്രയിമിൽനിന്ന് പുറപ്പെട്ടുവെങ്കിലും മരുഭൂമിയിൽ അലയുന്ന ജീവിതക്കാരാണ്. മൂന്നാമത്തെ വകുപ്പുകാർ ആത്മീയ ക്രിസ്ത്യാനികളാണ്. അവർ ചേർന്നുള്ള സഭയാണ് സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സഭ. അവരത്രെ മണവാട്ടിസഭയുടെ അംഗങ്ങൾ.

ജഡീകക്രിസ്ത്യാനി പെസഹായ്ക്കും പെന്തിക്കൊസ്തിക്കും ഇടയിലെ വന്നിട്ടുള്ളു. അവൻ ക്രൂശിന്റെ വലത്തുഭാഗത്താണെങ്കിലും സിംഹാസനത്തിന്റെ ഇടത്തുഭാഗത്താണ്. അവൻ ജീവനെ പ്രാപിച്ചു; എന്നാൽ സ്വതന്ത്രനായില്ല.

വായനക്കാരാ! നീ ഇപ്പോൾ വഴിമദ്ധ്യേയാണൊ? ക്രിസ്തീയ ജയജീവിതം എന്താണെന്ന് ദിനംപ്രതി അറിഞ്ഞുകൊണ്ടിരിക്കുന്നുവൊ? "ദൈവാത്മാവ് നടത്തുന്നവരത്രെ ദൈവത്തിന്റെ മക്കൾ" റോമ. 8: 14.

സഭകൾ തമ്മിലുള്ള വ്യത്യാസം.

(V. M. Abraham, Ampat Vadakkan, Poyekaitussery)

മ്ശീഹാതമ്പുരാന്റെ സ്വഭാവത്തെ സംബന്ധിച്ചും പരിശുദ്ധ റൂഹായുടെ പുറപ്പാടിനെ സംബന്ധിച്ചുമുള്ള വ്യത്യാസങ്ങൾ താഴെ വരുന്ന രേഖകളിൽനിന്നും കാണാവുന്നതാണ്.

I. ബ: എം. റി. ഇട്ടീരാ മല്പാൻ രചിച്ച 'സത്യവിശ്വാസം' എന്ന പുസ്തകം പുറം 27, ചോ. 33:— പുരാതന സഭകളുടെ വിശ്വാസപ്രമാണങ്ങൾ തമ്മിൽ യോജിച്ചിരിക്കുന്നൊ?

ഉ:—ഇല്ല; റോമാസഭയും നെസ്തോറിയൻ സഭയും ഇരുസ്വഭാവ വേദവിപരീതത്തിൽ നില്ക്കുന്നതുകൊണ്ട് അവരുടെ വിശ്വാസപ്രമാണങ്ങളിൽ ദൈവപുത്രൻ മരിച്ചുവെന്ന് സമ്മതിക്കയില്ല. മാത്രമല്ല, അപ്പോസ്തലന്മാരുടെ

തൊഴികെ മററു വിശ്വാസപ്രമാണങ്ങൾ വി: സഭയുടേതിൽനിന്നും വളരെ വ്യത്യാസപ്പെട്ടുമിരിക്കുന്നു. വി: കുർബ്ബാനയിലെ വിശ്വാസപ്രമാണം അവർ തീരെ മായിച്ചുകളകയും ചെയ്തു. അതിനാൽ വിശ്വാസപ്രമാണങ്ങൾ പരിശോധിക്കുന്നപക്ഷം സഭകൾ തമ്മിലുള്ള വ്യത്യാസം അറിയാവുന്നതാണ്.

II. ബ: എം. ററി. ഇട്ടീരാ മല്പാൻ രചിച്ച 'സത്യവിശ്വാസവും റോമാ വിഷങ്ങളും' എന്ന പുസ്തകം പുറം 33, "കല്ക്കിദൂന്ന്യാവിശ്വാസം സത്യവിശ്വാസമൊ?" "അല്ല, മ്ശിഹായിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു് കല്ക്കിദൂന്ന്യർ വിശ്വസിക്കുന്നു."

III. (പരേതനായ) ബ: മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ രചിച്ച 'യാക്കോബായ സുറിയാനി സത്യവിശ്വാസ സഭയിലെ മതോപദേശസാരങ്ങൾ' എന്ന പുസ്തകം പുറം 8.

"അർമ്മനായക്കാർ, നെസ്തോറുകാർ, യൌനായക്കാർ, മാറാനായ സുറിയാനിക്കാർ, റഷ്യാക്കാർ, റോമ്മാക്കാർ, ഇംഗ്ലീഷുകാർ മുതലായ സഭക്കാർ മേൽവിവരിച്ച പ്രകാരമുള്ള വേദവിപരീതത്തിൽ ചേന്നിരിക്കുന്നവരല്ലെങ്കിലും മ്ശിഹായുടെ ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങളുടെ ഒന്നിപ്പിലും റൂഹാദക്കുദിശായുടെ പുറപ്പാടിലും മററും ഓരോവിധം വേദവിപരീതമായ അഭിപ്രായവ്യത്യാസത്തിൽ ഇരിക്കുന്നു.........എന്നാൽ ഈഗുപ്തായക്കാരും കൂശായക്കാരും തങ്ങളുടെ വിശ്വാസരീതിയിലൊക്കെയും യാക്കോബായ സുറിയാനിക്കാരോടു് യോജിച്ചിരിക്കുന്നു."

IV. (പരേതനായ) നി. വ. ദി. ശ്രീ ശ്ലീബാ മാർ ഒസ്താത്ത്യോസ് ബാവാ തിരുമനസ്സുകൊണ്ടു് രചിച്ച "മ്ശിഹൈക്യസ്വഭാവം" എന്ന പുസ്തകം പുറം 61-64. (൧൩-ാം അദ്ധ്യായം. വിശുദ്ധ റൂഹായുടെ പുറപ്പാടു് ഏതു ക്രമമായിൽ എന്നുള്ളതിനെ സംബന്ധിച്ചുള്ളതു്)

റോമാക്കാർ വിശുദ്ധറൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും കൂടി പുറപ്പെടുന്നുവെന്നു് വിശ്വസിക്കയും ഉപദേശിക്കയും ചെയ്യുന്നു. ഇതു നമ്മുടെ വിശ്വാസത്തിനു് എതിരായ ഒരുപദേശമാണ്. പിതാവിൽനിന്നു പുറപ്പെടുന്നതു് വീണ്ടും പുത്രനിൽ നിന്നുകൂടി പുറപ്പെടുന്നു എന്നുള്ളതു് കഴിയാത്തതാണ്. അല്ലെങ്കിൽ പുത്രൻ പിതാവിന്റെ സ്ഥാനത്തു് ആയിവരുന്നു. അപ്പോൾ പിതാവിന്റെയും പുത്രന്റെയും വിശുദ്ധ റൂഹായുടെയും നാമത്തിൽ എന്നു പറവാൻ നമുക്കു് പാടില്ലാതെ വരും. പിതാവിന്റെയും പുത്രന്റെയും നാമത്തിലൊ അല്ലെങ്കിൽ രണ്ടു പിതൃക്കളുടേയും വിശുദ്ധ റൂഹായുടേയും നാമത്തിലൊ എന്നു പറയേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള ഉപദേശം ശരിയല്ല. നമ്മുടെ കർത്താവുതന്നെ തന്റെ നിർമ്മല തിരുവായാൽ കല്പിച്ചു പഠിപ്പിച്ചിരിക്കുന്നതു് "നിങ്ങൾ പോയി പിതാവിന്റെയും പുത്രന്റെയും വിശുദ്ധ റൂഹായുടെയും നാമത്തിൽ ഉപദേശിച്ചു് ജ്ഞാനസ്നാനപ്പെടുത്തുവിൻ" എന്നാണല്ലൊ. ആകയാൽ വിശുദ്ധ പിതാവിൽനിന്നും പുത്രനിൽനിന്നും കൂടി പുറപ്പെടുന്നുവെന്നു് വിശ്വസിക്കുന്ന ഏവരും മേൽ പ്രസ്താവിക്കപ്പെട്ട കല്പനകൾക്കു് വിരോധികളാകുന്നു.

വിശുദ്ധ പുസ്തകങ്ങൾമൂലം ഉറപ്പിക്കപ്പെട്ട ചില രേഖകളെ നമുക്കു് പരിശോധിക്കാം.

(ഓലഫ്) ഏവൻഗേലിസ്തന്മാരും നിഖ്യായിൽ കൂടിയ ൩൧൮ വിശുദ്ധ പിതാക്കന്മാരും പുത്രൻ വിശുദ്ധ റൂഹായാൽ ജഡം ധരിച്ചുവെന്നു് ഒരുപോലെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. മത്താ. ൩: ൧൬; ലൂക്കോ. ൩: ൨൨.

(ബേസ്) അവളിൽ ജനിച്ചിരിക്കുന്നവൻ വിശുദ്ധ റൂഹായിൽനിന്നാകുന്നു എന്നു് മാലാഖ തീച്ചയായും യൌസേപ്പിനോടു് പറഞ്ഞിരിക്കുന്നു. (മത്താ. ൧: ൨൦.)

(ഗോമൽ) ആകയാൽ വിശുദ്ധ റൂഹാ പിതാവിങ്കൽനിന്നു് പുത്രന്റെ മേൽ സ്പഷ്ടമായി ഇറങ്ങി.

(ദോലദ്) മേൽ പറയപ്പെട്ടിരിക്കുന്ന പ്രകാരം തന്നെ അഭിഷേകം ചെയ്കയും പറഞ്ഞയക്കയും ജഡം ധരിപ്പിക്കയും ചെയ്തതു് വിശുദ്ധ റൂഹാ ആയിരിക്കുമ്പോൾ വിശുദ്ധ റൂഹാ തിരികെ ചെന്നു് പുത്രനിൽനിന്നും പുറപ്പെടുന്നതു് എങ്ങിനെ? കണ്ടാലും പിതാവിന്റെ അടുക്കൽനിന്നും വിശുദ്ധ റൂഹാ ഇറങ്ങി തന്റെ തലമേൽ വസിച്ചുവെന്നുള്ളതു് സ്പഷ്ടമാകുന്നു. പുത്രനിൽനിന്നും പുറപ്പെട്ടു് തന്റെ തലമേൽ വസിച്ചുവെന്നു് കാണിപ്പാനായിട്ടു് യാതൊരു ദൃഷ്ടാന്തവും ഇല്ല.

വിശുദ്ധ റൂഹാ പുറപ്പെടുന്നതു് പുത്രനിൽ നിന്നല്ല, പിതാവിൽ നിന്നാണെന്നു് കാണിപ്പാൻവേണ്ടി അവർ അരുളിച്ചെയ്തിട്ടുള്ള ചില വാക്യങ്ങളെ താഴെ രേഖപ്പെടുത്തുന്നു.

൧. "എന്റെ പിതാവിൽനിന്നു് ഞാൻ ആയിരിക്കുന്നവൻ."

൨. "എന്റെ പിതാവിൽനിന്നു് പുറപ്പെടുന്നവൻ; അവൻ എന്നെക്കുറിച്ചു് സാക്ഷിപ്പെടുത്തും." യോഹ. ൧൫: ൨൬.

൩. "ഞാൻ എന്റെ പിതാവിനോടു് അപേക്ഷിക്കും; അവൻ മറെറാരു ആശ്വാസപ്രദനെ നിങ്ങൾക്കു തരും." യോഹ. ൧൪: ൧൬.

൪. "പിതാവു് എന്റെ നാമത്തിൽ അയക്കുന്നവൻ" യോഹന്നാൻ ൧൪: ൨൬.

ഈ വാക്യങ്ങളാൽ, തന്നിൽനിന്നല്ല, പിതാവിൽനിന്നാകുന്നു വിശുദ്ധാത്മാവു് പുറപ്പെടുന്നതെന്നു് നമ്മുടെ കർത്താവു് സ്പഷ്ടമായി കാണിക്കുന്നു.

(എ) കല്പന ലംഘനക്കാർ എല്ലാവരും കുററക്കാരാണെന്നു് ഏവരും സമ്മതിക്കുന്നതാണല്ലൊ. അങ്ങിനെയിരിക്കെ സത്യമായി സ്ഥിരപ്പെടുത്തിയിരിക്കുന്നവയെ ലംഘിക്കുന്നവർ എത്ര അധികം കുററക്കാരാണ്?

(ബി) ശക്തിയേയും അത്ഭുതങ്ങളേയും പ്രവർത്തിക്കുന്നവരായ വിശുദ്ധ പിതാക്കന്മാർ വേദപുസ്തകമനുസരിച്ചു് കുസ്തന്തീനോ പോലീസിലെ സുന്നഹദോസിൽ വിശുദ്ധ റൂഹാ പിതാവിൽനിന്നു് പുറപ്പെടുന്നുവെന്നും പിതാവിനോടും പുത്രനോടുംകൂടി വന്ദിക്കപ്പെട്ടു് സ്തുതിക്കപ്പെടുന്നുവെന്നും സ്ഥിരപ്പെടുത്തി.

(സി) മ്ശിഹാക്കാലം ൮൭൯-ാമാണ്ടു് റോമിൽവച്ചു് ഉണ്ടായിട്ടുള്ള സുന്നഹദോസിൽ വിശുദ്ധ റൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും കൂടി പുറപ്പെടുന്നുവെന്നു് സ്ഥിരപ്പെടുത്തിയതു് ഏതു ന്യായം അനുസരിച്ചാണെന്നു് അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. പ്രസ്തുത സംഘം കുസ്തന്തീനോപ്പോലീസിലെ വിശുദ്ധ സുന്നഹദോസിന്റെ നിശ്ചയങ്ങളെ ലംഘിച്ചതിനാൽ ദൈവത്തിന്റെ മുമ്പാകെ കുററമുള്ളവരായിരിക്കുന്നു.

(ഡി) നിഖ്യായിലും കുസ്തന്തീനോപ്പോലീസിലും എപ്പേസൂസിലും വച്ചുണ്ടായിട്ടുള്ള മൂന്നു് പൊതു സുന്നഹദോസുകളുടെ നിശ്ചയങ്ങൾക്കു് എതിരായിരിക്കുന്നവരാകൊണ്ടു അവർ നമുക്കു് എതിരാളികളാണ്.

*

പ്രാർത്ഥനയും സ്തോത്രവും

(P. C. Andrews B. A.)

ഒരു യഥാർത്ഥ ക്രിസ്ത്യാനി എപ്രകാരമാണ് പ്രാർത്ഥിക്കേണ്ടതെന്നും വേദപുസ്തകാനുസരണം ഏതെല്ലാം വിഷയങ്ങളെപ്പററി നമുക്കു് പ്രാർത്ഥിക്കാവുന്നതാണെന്നും [illegible] പ്രസ്താവിച്ചിട്ടുണ്ടു്. പ്രാർത്ഥന എന്നതു് സ്വർഗ്ഗീയ

കലവറ തുറക്കുന്നതിനുള്ള വിശ്വാസികളുടെ കൈവശമുള്ള താക്കോലാണ്. മടുത്തുപോകാതെ എപ്പോഴും നാം പ്രാർത്ഥിക്കണം. "പ്രാർത്ഥനയിൽ ഉററിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു്; എല്ലാ പ്രാർത്ഥനയിലും അപേക്ഷയിലും നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടി ദൈവത്തെ അറിയിക്കയത്രെ ചെയ്യേണ്ടതു്" എന്നു് വി: പൌലോസ് നമ്മെ പഠിപ്പിക്കുന്നു.

പ്രാർത്ഥന എന്നുവെച്ചാൽ നമ്മുടെ ആവശ്യങ്ങളെ ദൈവത്തെ അറിയിക്കുക മാത്രമാണെന്നു് ചിലർ വിചാരിക്കുന്നു. അതിനാൽ അവർ തങ്ങളുടെ പ്രയാസങ്ങളിൽ മാത്രം പ്രാർത്ഥിക്കുന്നു. പ്രാർത്ഥന ദൈവവുമായുള്ള സംസർഗ്ഗമാണ്. അതിനാൽ അതോടുകൂടി സ്തുതിയും സ്തോത്രവും ആവശ്യമത്രെ. കർത്താവിന്റെ പ്രാർത്ഥനയുടെ ആരംഭത്തിലും ആവസാനത്തിലും നാം അതു കാണുന്നുണ്ടു്. നമ്മുടെ മനസ്സു് നമ്മുടെ ഓരോ പ്രയാസങ്ങളേയും ഭാരങ്ങളേയും മാത്രം നോക്കി വിഷമിച്ചിരിക്കുന്ന സമയത്തു് ഇപ്രകാരമുള്ള സ്തോത്രങ്ങൾ നമ്മെ സ്വർഗ്ഗത്തിലെ മഹിമയേയും ദൈവത്തിന്റെ മഹത്വത്തേയും കാണിച്ചു് സന്തോഷിപ്പിക്കുന്നു. വെളിപാടുപുസ്തകത്തിൽ സ്തുതിയും സ്തോത്രവും ദൈവാരാധനയും ധാരാളം കാണുന്നുണ്ടു്.

ബുദ്ധമതക്കാർക്കു് സദാ ഒരേ പ്രാർത്ഥനയാണുള്ളതു്. മഹമ്മദീയർക്കു് ഓരോ ക്ലിപ്തസമയങ്ങളിൽ നിശ്ചയിക്കപ്പെട്ട പ്രത്യേക പ്രാർത്ഥനകളുമുണ്ടു്. ഹിന്ദുക്കൾ അവരുടെ ബലികളുമായി വേറെ ഒരുവിധത്തിൽ പ്രാർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ഈവക പ്രാർത്ഥനകളൊന്നും അറിഞ്ഞിരുന്നില്ല. പ്രാർത്ഥിപ്പാൻ അവരെ പഠിപ്പിക്കണമെന്നു് അവർ ഗുരുനാഥനോടു് അഭ്യർത്ഥിച്ചു. കർത്താവു് പ്രാർത്ഥനയെപ്പററി അനസ്യൂതമായി അവരെ ഉപദേശിക്കുകയും പലപ്പോഴും വിജനപ്രദേശത്തു പോയി പ്രാർത്ഥിക്കുകയും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണമെന്നു് പ്രബോധിപ്പിക്കുകയും ചെയ്തിരുന്നു.

പ്രാർത്ഥനയ്ക്കു് പല പ്രത്യേക ലക്ഷണങ്ങളുണ്ടു്. പ്രാർത്ഥന ആത്മാർത്ഥതയിൽ അധിഷ്ഠിതമായിരിക്കണം. അതു് തീക്ഷ്ണതയുള്ളതും അനസ്യൂതവുമായിരിക്കണം. "എന്നാൽ എല്ലാററിന്റെയും അന്ത്യം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്കു് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ" (1 പത്രോസ് 4:7) സദാ രാജ്യകാര്യവ്യാപൃതനായിരുന്നിട്ടും ദൈവത്തോടുള്ള പ്രാർത്ഥനയിലും, സ്തോത്രം, പറയുന്നതിലും ജാഗ[illegible]കനായിരുന്ന ദാനിയേൽ 'വീ

ട്ടിൽ ചെന്നു് അവന്റെ മാളികയുടെ കിളിവാതിൽ യെരുശ്ലേമിനു നേരെ തുറന്നിരുന്നു് താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു് സ്തോത്രം ചെയ്തു." (ദാനി. 6: 10)

പുതിയനിയമത്തിൽ പല പ്രാർത്ഥനകളും സ്തോത്രങ്ങളും നാം വായിച്ചറിയുന്നു. ആദ്യമായി വി. മത്തായിയുടെ സുവിശേഷത്തിൽ കാണുന്നവ മാത്രം ഇവിടെ പഠനവിഷയമാക്കാം. 6-ാം അദ്ധ്യായം 9 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ കർത്തൃപ്രാർത്ഥനയാണു്. സർവ്വ വിശ്വാസികളും അവസാനത്തോളം പ്രാർത്ഥിപ്പാൻ കർത്താവു് പഠിപ്പിച്ചതും അനേകം ദിവ്യരഹസ്യങ്ങൾ അടങ്ങിയിരിക്കുന്നതുമായ മാതൃകാപ്രാർത്ഥനയത്രെ അതു്. ഒരിക്കൽ ഒരു കുഷ്ഠരോഗി വന്നു് കർത്താവിനെ നമസ്കരിച്ചു് ശുദ്ധീകരണത്തിനായി പ്രാർത്ഥിച്ചു. (8: 2) കപ്പർന്നഹോമിലെ ശതാധിപൻ പക്ഷവാതരോഗബാധിതനായ തന്റെ ദാസനെ സൌഖ്യമാക്കുവാൻ കർത്താവിനോടു് അപേക്ഷിച്ചു. (8: 6) കർത്താവിന്റെ ശിഷ്യന്മാർ സമുദ്രത്തിലെ കൊടുംകാററിനാൽ നശിക്കാതെ രക്ഷ പ്രാപിപ്പാനായി കർത്താവിനെ ഉണർത്തി, തന്നോടു് മുട്ടിപ്പായി പ്രാർത്ഥിച്ചു. (8. 25) യായീറോസ് എന്ന പള്ളിപ്രമാണി കർത്താവിനെ സമീപിച്ചു് നമസ്കരിച്ചുകൊണ്ടു് മൃതയായ സ്വപുത്രിയെ ജീവിപ്പിക്കുന്നതിനായി തന്നോടു് പ്രാർത്ഥിച്ചു. (9: 18) രണ്ടു കുരുടന്മാർ കാഴ്ച പ്രാപിപ്പാനായി ദാവീദ്പുത്രാ! കരുണ തോന്നേണമെ, എന്നു് നിലവിളിച്ചുകൊണ്ടു് കർത്താവിനെ പിന്തുടർന്നു. (9: 27) ഒരു കനാന്യസ്ത്രീ കഠിനമായി ഭൂതോപദ്രവം നേരിട്ട സ്വപുത്രിയെ സൌഖ്യമാക്കുവാൻ, കർത്താവെ! കരുണ തോന്നേണമെ, എന്നു് നിലവിളിച്ചുപറഞ്ഞു. (15: 22) ഒരു ഭ്രാന്തനായ ബാലന്റെ പിതാവു് അവന്റെ ഏകപുത്രനെ സൌഖ്യമാക്കുന്നതിനായി കർത്താവിന്റെ മുമ്പാകെ മുട്ടുകുത്തി കരുണ ചെയ്യണമെന്നപേക്ഷിച്ചു. (17: 14-15)

സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവെന്നു് പിതാവായ ദൈവത്തെ സംബോധന ചെയ്തുകൊണ്ടു് യേശുക്രിസ്തു സ്തോത്രപ്രാർത്ഥന നടത്തി. (11: 25-26) പിതാവിന്റെ ഇഷ്ടം നിവർത്തിയാകുവാൻ കർത്താവു് ഗത്സീമാൻ തോട്ടത്തിൽവച്ചു് കമിഴ്ന്നുവീണു് പ്രാർത്ഥിച്ചു. (26: 39) കഷ്ടാനുഭവദിവസം ഒൻപതാംമണി നേരത്തു് കർത്താവു് ക്രൂശിന്മേൽ കിടന്നുകൊണ്ടു് ഏലി, ഏലി, ലമാ സബക്താനി എന്നു് ഉറക്കെ നിലവിളിച്ചു് പ്രാർത്ഥിക്കയുണ്ടായി. (27: 4-6)

മേൽപറഞ്ഞ ഓരോ പ്രാർത്ഥനയെപ്പററിയും നമുക്കു് സ്വല്പനേരം ശാന്തമായി ധ്യാനിക്കാം. അവയെല്ലാം ദൈവം മറുപടി നല്കിയൊ? ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചൊ? എന്നറിയണം. നമ്മുടെ പാപരോഗങ്ങളെ സൌഖ്യമാക്കുവാൻ നമുക്കു് പ്രാർത്ഥിക്കേണ്ടതല്ലയൊ? കൂടാതെ, ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാതെ അനേകായിരം ആളുകളുടെ യഥാർത്ഥമായ മാനസാന്തരത്തിനു വേണ്ടിയും നാം പ്രാർത്ഥിക്കണം. ക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിനു് എല്ലായ്പോഴും എല്ലാററിനുംവേണ്ടി സ്തോത്രം ചെയ്യാം. "ഇതു് ദുഷ്കാലമായാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളേണ്ടതാണല്ലൊ."

കർത്താവെ! തിരുവിഷ്ടം പ്രവർത്തിപ്പാനും ഏകാഗ്രതയോടെ പ്രാർത്ഥിപ്പാനും ഞങ്ങൾക്കു് കൃപ തരേണമെ.

സമാഗമനക്കൂടാരം

(Dr. K. V. Kakku.)

തുടർച്ച.

3. അന്താഴം:— പ്രകൃതിയുടെ ഉഗ്രകോപത്തിലും കോട്ടംകൂടാതെ നിലനിർത്തി സംരക്ഷിക്കേണ്ടതിനു്, അന്താഴങ്ങൾ സ്വർണ്ണപ്പലകകളെ, നീട്ടിയ ഭുജംകൊണ്ടെന്നപോലെ എത്തിപ്പിടിച്ചിരുന്നു. വിശ്വാസികളായ എല്ലാവരുടെ മേലും ഉള്ള ദൈവത്തിന്റെ വലിയ സൂക്ഷ്മതയുടെ ഒരു നല്ല ചരിത്രമല്ലയൊ അതു്?

"കൊടുങ്കാററുണ്ടീ വനദേശത്തെൻ
പ്രിയനെ എന്നെ വിടല്ലേ—"

വിശ്വാസികൾ ആത്മാവിന്റെ ഐക്യതയെ സമാധാനബന്ധനത്തിൽ കാക്കുവാൻ ശ്രമിക്കണമെന്നു തെളിയിക്കുന്നതിനു പുറമെ അവ വിശ്വസ്തന്മാരുടെ യഥാസ്ഥാനത്വത്തിനായി സഭയിൽ നല്കപ്പെട്ടിട്ടുള്ള അപ്പോസ്തലന്മാർ, സുവിശേഷകന്മാർ ആദിയായവർക്കു് സദൃശ്യവും ആകുന്നു. (എഫെ. 4: 13.)

4. കൂടാരം നിവക്കുന്നതു്:— തിരുനിവാസം നിവർത്തപ്പെട്ടതു് പുതുവർഷദിനത്തിലായിരുന്നു (New year day) (പുറ. 40: 2) മഹത്വത്തിന്റെ ദൈവം അവരോടുകൂടെ വസിക്കുന്നതിനു മുമ്പായി എല്ലാം ക്രമീകരിക്കപ്പെടുകയും ശരിപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നു. ശുദ്ധീകരിക്കപ്പെടാത്ത ഒരൊററ ഉപകരണംപോലും ദിവ്യആവശ്യത്തിനു് ഉപയോഗിച്ചിരുന്നില്ല. വിശുദ്ധ റൂഹായുടെ നിറവു് നമുക്കു് ലഭിക്കണമെങ്കിൽ നാം അവന്റെ മുമ്പാകെ നിവക്കപ്പെടേണം. സർവ്വവും ദൈവത്തിന്നായി പ്രദാനം ചെയ്യപ്പെടുകയും അവന്റെ മുമ്പാകെ ക്രമപ്പെടുത്തുകയും ചെയ്യുമ്പോൾ ദൈവം തന്റെ ആത്മാവിൽ വന്നു് നമ്മുടെ അവയവങ്ങളെ വിശുദ്ധീകരിക്കുകയും, ശരീരമാകുന്ന മന്ദിരത്തെ കൈവശപ്പെടുത്തുകയും ചെയ്യും. തിരുനിവാസം നിവർത്തപ്പെട്ടതു് വെറും കാഴ്ചക്കൊ, മനുഷ്യസാമർത്ഥ്യത്തെ പ്രദർശിപ്പിക്കുവാനൊ അല്ല; പിന്നെയൊ, ദിവ്യവാസത്തിന്നായി ഒരു പരിശുദ്ധസ്ഥലം ഉണ്ടാക്കേണ്ടതിന്നായിട്ടാണു്. ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ മന്ദിരമായിത്തീരേണ്ടതാകുന്നു. ശക്തിയുള്ള അടിസ്ഥാനത്തിന്മേൽ നമ്മെ നിറുത്തിയിരിക്കുന്നതു്, നാം ദൈവത്തിന്റെ വാസസ്ഥലമായി തീരേണ്ടതിന്നത്രെ. മരുഭൂമിയിലെ കൂടാരം ഒരു സാക്ഷ്യമായിരുന്നു. അതിനെ 'സാക്ഷിയിൻകൂടാരം, എന്നു് വിളിച്ചുവന്നു. കൂടാരത്തെപ്പോലെതന്നെ സഭയും ദൈവത്തിന്റെ പരിശുദ്ധതയ്ക്കും ശക്തിയ്ക്കും കരുണയ്ക്കും സാക്ഷിയായിത്തീരേണ്ടതാകുന്നു. എന്നാൽ ആ (കൂടാരം) സാക്ഷിയായി തീർന്നതെങ്ങിനെ? ദൈവത്തിന്റെ സാന്നിദ്ധ്യത്താൽ തന്നെ. ദൈവം അതിനെ കൈവശപ്പെടുത്തുന്നതിനുമുമ്പു് അതു് ദൈവത്തിനു് സാക്ഷി അല്ലായിരുന്നു. ദൈവാത്മാവിനാൽ നാം നിറയപ്പെട്ടമെങ്കിൽ മാത്രമെ നമുക്കു് ദൈവത്തിന്റെ ഉത്തമസാക്ഷികളായിരിപ്പാൻ കഴികയുള്ളു.

5. മൂടിവിരി:— (Coverings) ഭവനങ്ങൾക്കു് മേല്പുരയുള്ളതുപോലെ തിരുനിവാസത്തിനു് മൂടിവിരിയും ഉണ്ടായിരുന്നു. മഴയുടെയും വെയിലിന്റെയും ശല്യം ബാധിക്കാതിരിപ്പാനാണു് മൂടിവിരി ഉണ്ടാക്കപ്പെട്ടിരുന്നതു്. ഭവനത്തിന്റെ യഥാർത്ഥ നിലനില്പിനു് മേല്പുര അത്യാവശ്യമാണു്. തിരുനിവാസത്തിന്റെ മൂടിവിരിക്കു് 4 ലയർ ഉണ്ടായിരുന്നുവെന്നു് മുൻ പ്രസ്താവിച്ചുവല്ലൊ. ഓരോ ലയറും വ്യത്യസ്തസാധനങ്ങൾകൊണ്ടു് ഉണ്ടാക്കപ്പെട്ടിരുന്നു. എന്നാൽ എല്ലാം കൂടിയാൽ മാത്രമെ ഒരു പൂർണ്ണ മൂടിവിരിയാകയുള്ളു. യേശുക്രിസ്തുവിന്റെ സുവിശേഷം നാലാണല്ലൊ. ഓരോ സുവിശേഷവും ഓരോ ലയർപോലെ അതിൽതന്നെ പൂർണ്ണതയുള്ളതായിരുന്നുവെങ്കിലും ക്രിസ്തുവിനെക്കുറിച്ചു് പൂർണ്ണമായി അറിയണമെങ്കിൽ 4 സുവിശേഷങ്ങളും അത്യന്താപേക്ഷിതമാണു്. ഈ മൂടിവിരി ക്രിസ്തീയസഭയുടെ യഥാർത്ഥ കാലാവസ്ഥയെ കാണിക്കുന്നു.

ഒന്നാമത്തെ ലയർ:— അതു് പഞ്ഞിനൂൽ, നീലനൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ടാണു് ഉണ്ടാക്കിയിരുന്നതു്. അതിൽ കെരൂബുകളുടെ രൂപം തയ്ച്ചിരുന്നു.

(a) നീല:— ഈ നിറം നമ്മുടെ കണ്ണുകളെ സ്വർഗ്ഗത്തിലേക്കു് തിരിപ്പിക്കുന്നു. ആകാശത്തിന്റെ നീലനിറം എത്ര അഗാധവും മനോഹരവും ആകുന്നു. കാർമേഘം അതിനെ മറച്ചുവെന്നു വരാം. എങ്കിലും യാതൊന്നിനും അതിനെ അശുദ്ധിപ്പെടുത്തിക്കൂടാ. അതു് എല്ലാററിനും മീതെ ഉയർന്നിരിക്കുന്നതും ഇളക്കം ഭവിക്കാത്തതും അതൂത്തി സങ്കല്പിപ്പാൻ പാടില്ലാത്തതുമാകുന്നു. ലോകസ്ഥാപനത്തിനു മുമ്പതന്നെ ക്രിസ്തുവിൽ മറഞ്ഞുകിടന്നിരുന്ന തിരുസഭയുടെ ദിവ്യസ്വഭാവമത്രെ ഇതിൽ വിളങ്ങുന്നതു്. ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തു. (എഫെ. 1: 4.)

(b) ധൂമ്രം:— ഈ നിറം മനുഷ്യസൃഷ്ടിപ്പിനെ കാണിക്കുന്നു. ഓദോം എന്നതിനു് "ധൂമ്രമണ്ണ്" എന്നാണർത്ഥം. ലോകസ്ഥാപനത്തിനു മുമ്പു് അദൃശ്യമായിരുന്ന സഭ ഇപ്പോൾ ഭൂമിയിൽ ദൃശ്യസഭയായിതീർന്നു.

(c) ചുവപ്പു്:— നീലനിറവും, ധൂമ്രനിറവും കൂട്ടിച്ചേർത്താണു് ഈ ചുവപ്പുനിറം ഉണ്ടാക്കുന്നതു്. രണ്ടു നിറങ്ങളുടെ സംയോജിപ്പു് മൂന്നാമതൊരു നിറത്തെ ഉളവാക്കി. അതു് എന്തിനെ സൂചിപ്പിക്കുന്നു? ക്രിസ്തുവിന്റെ സഭ ലോകത്തിൽ സ്ഥിതിചെയ്യുന്നുവെങ്കിലും അതു് ലൌകീകമായിരിക്കാതെ ലോകത്തിൽനിന്നും വേർതിരിക്കപ്പെട്ടതാകുന്നു. (യോഹ. 15: 19) മർത്ത്യത അതിനുണ്ടെങ്കിലും അമർത്ത്യതയിൽ അതു് സന്തോഷിക്കുന്നു. കൂടാതെ ഈ ലയർ ക്രിസ്തുവിനെത്തന്നെയും കാണിക്കുന്നു. നീലനിറം ക്രിസ്തുവിന്റെ ദൈവത്വത്തേയും ധൂമ്രനിറം അവന്റെ രാജത്വത്തേയും ചുവപ്പുനിറം അവൻ മൂലമുള്ള വീണ്ടെടുപ്പിനേയും, പഞ്ഞി അവന്റെ പൌരോഹിത്യത്തേയും കാണിക്കുന്നതായി വിചാരിക്കാം.

കെരൂബുകൾ:— വീണ്ടെടുക്കപ്പെട്ട ജനം സ്വർഗ്ഗീയ സേനകളോടു് യോജിപ്പും ദൈവത്തിൽ ലയിച്ചും ഇരിക്കുന്നുവെന്നതിനെയും ദൃഷ്ടാന്തപ്പെടുത്തുന്നു.* "അവർ പുനരുത്ഥാന പുത്രന്മാരാകയാൽ ദൈവദൂതതുല്യരത്രെ." കൂടാതെ വിശ്വാസികളുടെ കാവലിന്നായി ദൈവം അവർക്കു് ദൂതന്മാരെ നല്കീട്ടുണ്ടെന്നും അവർ സേവകാത്മാക്കളായി (എബ്രാ. 1:14) സർവ്വദാ അവരുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നുവെന്നും പഠിപ്പിക്കുന്നു.

* "ലയിക്കുന്നു" എന്ന പദത്തിനു് വ്യക്തിത്വം നശിക്കുന്നുവെന്ന അർത്ഥം ധരിച്ചുകൂടാ. (പത്രാധിപർ.)

ജൈത്രയാത്ര.

(സി. ജെ. മണ്ണുമ്മൂട്.)
(ഭാമനക്കുട്ടൻ)

പുഞ്ചിരിയിൽ കളിച്ചൊരാനന്ദ—
പ്പൊൻപുലരിയണയവേ,
ബാലഭാനുകരനൊത്തു "ബേത്ത്ഫഗ"
ഗ്രാമമെത്തി ശ്രീയേശുവും.

ദേവനെത്തവേ, ദേശമൊക്കെയും
പാവനതപമണികയായ്!....
മൊട്ടിട്ടന്നിതവിടെയൊക്കെയും
തുഷ്ടിയും പരിപുഷ്ടിയും.

ഓതിനാനേശുദേവനപ്പോൾ തൻ-
കൂട്ടുകാരരോടീവിധം.
"കൊച്ചുഗ്രാമമൊന്നക്കരെപ്പുഷ്ട—
പുഷ്പശോഭിതമുണ്ടു കേൾ.

ഉണ്ടവിടെ, കഴുതയൊന്ന്,തി
ശാന്തരൂപൻ മനോഹരൻ.
പോകവേഗം, കഴുതയോടൊത്തു
തൽക്ഷണം തിരിച്ചെത്തുക.

ചാരെ നിങ്ങൾക്ക് കണ്ടിടാമൊരു
ചാരുമോഹിനിയാളിനെ.
മൺകുടവുമായെത്തുമാവഴി
കൺമണിയൊരു ബാലിക.

അത്തെരുവെത്തിയ കഴുതയോ—
ടൊത്തവർ തിരിച്ചെത്തിനാർ!
എത്തവേ കഴുതപ്പുറത്തു വി—
രിച്ചവരുടെ ചേലകൾ!

പുഞ്ചിരിച്ചുകൊണ്ടേറിനാൻ കഴു—
തപ്പുറത്തു ജഗൽപതി!
വാനസീമയിലെത്തിയാമന്ദ—
ഹാസകല്ലോലമാലകൾ!

ഒട്ടകട്ടെട്ടത്തപ്പൊഴെ തല—
താഴ്ത്തിനിന്നു ലതാകുലം.
നാളെ രാവിൽ ചിരിക്കുവാൻ, സുമ-
രാജിയെങ്ങും നിറയ്ക്കുവാൻ!

ദേവദേവനു സഞ്ചരിക്കുവാ-
നാവഴികളിലാളുകൾ
തമ്മിൽ നോക്കാതെ വസ്ത്രമൊക്കെയു-
മുണ്മയോടെ വിരിച്ചവർ.

ഒട്ടുപേരുടൻ വെട്ടിയിട്ടു ത—
ളിർക്കുലകളും പൂക്കളും.
മാമരങ്ങളും പൂക്കളാൽ വഴി—
ത്താരമഞ്ജുളമാക്കിപോൽ!

യേശുദേവനു പിൻപിലും, ചിലർ
മുൻപിലുമായ് നടന്നവർ.
"ജൈത്രയാത്ര"യതിന്നു മംഗള
മോതി പക്ഷികളൊക്കെയും.

കാട്ടരുവിയിൽ കൊച്ചലച്ചാർത്തു
പാട്ടുപാടിത്തുടങ്ങവേ,
ഒത്തുപാടിനാർ മർത്ത്യരൊക്കെയും
"കർത്താവിൻ തിരുനാമത്തിൽ

എത്തുവോൻ വാഴ്ത്തപ്പെട്ടവനേററ-
മുന്നതങ്ങളിൽ "ഹോശന്ന"
ആനരവരസാഗരം "ശാലേം" *
പള്ളിയിലേക്കൊഴുകവേ,

യേശുദേവൻെറ "ജൈത്രയാത്ര"യ
പ്പള്ളിയോടടുത്തീടവെ,
വെള്ളിമേഘങ്ങളേറി മാലാഖ-
മാരുപൊട്ടിച്ചിരിക്കയായ്!!....

* യെറുശ്ലേം.

"മാർ ഗ്രീഗോറിയോസ് സിറിയൻ വിദ്യാർത്ഥി സംഘം"

വ്യവസ്ഥകൾ.

(For Consideration)

1. പേര്. ഈ സംഘത്തിന് "മാർ ഗ്രീഗോറിയോസ് സിറിയൻ വിദ്യാർത്ഥിസംഘം" എന്ന് പേരാകുന്നു.

2. അടിസ്ഥാനം. (Basis) ഈ സംഘം വി. അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ നിലനിന്നുവരുന്ന മലങ്കര യാക്കോബായ സുറിയാനി സഭയിലെ ഒരു പ്രസ്ഥാനമായിരിക്കുന്നതാണ്.

3. ഉദ്ദേശം. a) യാക്കോബായ സുറിയാനി സഭയിലെ വിദ്യാർത്ഥികളുടെ എല്ലാവിധ പുരോഗമനങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുക.

b) പള്ളി ആരാധനകൾ, സണ്ടേസ്കൂളുകൾ, മററു സുവിശേഷ പ്രവർത്തനങ്ങൾ ആദിയായി ദൈവമഹത്വത്തിനുതകുന്ന സേവനങ്ങൾക്ക് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

c) സുവിശേഷസംഘം (Gospel team) രൂപീകരിച്ച് ഇടവക സന്ദർശനങ്ങളും മററും നടത്തുക.

d) വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ വിനോദോപാധികൾ, മത്സരക്കളികൾ എന്നിവ ക്രമീകരിക്കുക.

e) കോളേജുകളിലും, സ്കൂളുകളിലും, മററു സൌകര്യമുള്ള കേന്ദ്രങ്ങളിലും ശാഖാസംഘങ്ങൾ സ്ഥാപിച്ച്, വേദാദ്ധ്യയനം, ധ്യാനം, സാമൂഹ്യസേവനം എന്നിവയ്ക്ക് വേണ്ട സഹായങ്ങൾ നല്കുക.

f) മദ്ധ്യവേനൽ അവധിക്കാലത്ത് ഒരു വാർഷിക സമ്മേളനം നടത്തി അംഗങ്ങൾ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കുക.

4. അംഗങ്ങൾ. a) മലങ്കര യാക്കോബായ സുറിയാനി സഭയിലെ ഏതു വിദ്യാർത്ഥിക്കും മെമ്പറായി ചേരാവുന്നതാണ്.

മെമ്പർഷിപ്പ് ഫീസ്		ക.	ണ.	പ.
	കോളേജ് വിദ്യാർത്ഥികൾ	0	8	0
	മററു വിദ്യാർത്ഥികൾ	0	4	0

b) വിദ്യാർത്ഥികളല്ലാത്തവരായി സംഘത്തിൻെറ പ്രവർത്തനത്തിൽ താല്പര്യമുള്ള സഭയിലെ മററംഗങ്ങൾക്ക് ഒരു രൂപാ മെമ്പർഷിപ്പ്ഫീസ് കൊടുത്ത് സഹകരണാംഗമായിരിക്കാവുന്നതാണ്.

c) അംഗങ്ങളല്ലാത്തവർ സംഘം വക കാര്യാലോചനയിൽ പങ്കെടുക്കുകയൊ, സംഘം ഉദ്യോഗം സ്വീകരിക്കുകയൊ ചെയ്യുകൂടാത്തതാകുന്നു.

5. ഭരണം. a) സംഘത്തിൻെറ പരമ രക്ഷാധികാരി വി. അന്ത്യോഖ്യാ പാത്രിയർക്കീസ്ബാവാ തിരുമേനിയും രക്ഷാധികാരികൾ ബാവാ തിരുമേനിയുടെ കീഴിൽ മലങ്കര സഭയിലുള്ള മെത്രാപ്പോലീത്താ തിരുമേനിമാരും ആകുന്നു.

b) സംഘത്തിൻെറ അതാതു വർഷത്തിലെ അദ്ധ്യക്ഷനായി വാർഷികസമ്മേളനത്തിൽവച്ച് സഭയിലെ മെത്രാപ്പോലീത്താ തിരുമേനിമാരിൽ ഒരാളെ തിരഞ്ഞെടുത്ത് അദ്ദേഹത്തിൻെറ സമ്മതം വാങ്ങേണ്ടതാകുന്നു.

c) വൈസ് പ്രസിഡൻറ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ മൂന്നു പേരുൾപ്പെടെ ഏഴുപേരിൽ കുറയാതെയും, പന്ത്രണ്ടുപേരിൽ കൂടാതെയും അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മററിയെ വാർഷിക സമ്മേളനത്തിൽ വച്ച് തിരഞ്ഞെടുക്കേണ്ടതാകുന്നു. മൂന്നംഗങ്ങളെക്കൂടി ഈ കമ്മററിയിൽ ചേർക്കുന്നതിന് (Co-opt) കമ്മററിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

d) ജനറൽ സെക്രട്ടറി പൊതുയോഗത്തിൻെറ സെക്രട്ടറികൂടി ആയിരിക്കുന്നതും കമ്മററി വിളിച്ചുകൂട്ടേണ്ടതും, കമ്മററി നിശ്ചയങ്ങളുടെ മിനിട്ട്സ് സൂക്ഷിക്കേണ്ടതുമാകുന്നു.

e) കമ്മററിയുടെ കോറം അഞ്ചായിരിക്കുന്നതാണ്.

f) കമ്മററി കൂടുമ്പോൾ അദ്ധ്യക്ഷൻ തിരുമേനി സന്നിഹിതനല്ലാത്തപക്ഷം വൈസ് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടേണ്ടതും, പാസ്സാക്കുന്ന നിശ്ചയങ്ങൾ പ്രസിഡൻറ് തിരുമേനിയുടെ അനുവാദത്തിനുശേഷം നടപ്പിലാക്കേണ്ടതുമാകുന്നു.

g) സംഘത്തിൻെറ പ്രവർത്തനങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനായി സഭയിലെ പുരോഹിതന്മാരും അദ്ധ്യാപകന്മാരും മററും അടങ്ങിയ പത്തംഗങ്ങളിൽ കുറയാത്ത ഒരു അഡ്വൈസറി ബോർഡ് വാർഷിക സമ്മേളനത്തിൽ പേരുകൾ നിർദ്ദേശിച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

6 ശാഖാസംഘങ്ങൾ. a) സൌകര്യമുള്ള കേന്ദ്രങ്ങളിലെല്ലാം ശാഖാസംഘങ്ങൾ സ്ഥാപിച്ച് അതാതു സംഘത്തിൻെറ ആവശ്യാനുസരണമുള്ള നിയമങ്ങൾ നടപ്പിലാക്കി ഈ സംഘത്തിൻെറ ഉദ്ദേശത്തിന്നനുസരണമായ കാര്യങ്ങൾ പ്രായോഗികമാക്കേണ്ടതാകുന്നു.

b) വാർഷിക സമ്മേളനത്തിൽവച്ച് സൌകര്യമുള്ള പക്ഷം ഓരോ പ്രാദേശിക കേന്ദ്രത്തിൽ ശാഖാസംഘം സ്ഥാപിക്കുന്നതിന് അതാതു സ്ഥലത്തുനിന്നും വന്നിട്ടുള്ള ഒരാളെ ഒരു കൺവീനറായി നിശ്ചയിക്കേണ്ടതും, കൺവീനർ സ്ഥലത്തു ചെന്ന് പ്രവർത്തിച്ചിട്ടുള്ള സംഗതികൾ ജനറൽ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാകുന്നു.

c) പുതിയ ശാഖാസംഘങ്ങൾ സ്ഥാപിക്കുന്നതിനും, നിർദ്ദേശങ്ങൾ നല്കുന്നതിനും, ശാഖാസംഘങ്ങളിൽ ഓരോ ആഴ്ചയിലും പഠിക്കുന്നതിനുതകുന്ന പാഠങ്ങൾ ചെറിയ പുസ്തകങ്ങളാക്കി അദ്ധ്യക്ഷൻ തിരുമേനിയുടെ അനുവാദത്തോടുകൂടി ചുരുങ്ങിയ വിലക്ക് കൊടുക്കുന്നതിനും, എക്സിക്യൂട്ടീവ് കമ്മററി ശ്രമിക്കേണ്ടതാണ്.

7. പലവക. a) ഈ സംഘത്തിൻെറ വർഷം കണക്കാക്കുന്നത് ഒരു വാർഷികസമ്മേളനം കഴിയുന്ന തീയതി മുതൽ അടുത്ത വാർഷികസമ്മേളനം അവസാനിക്കുന്ന തീയതിവരെ ആയിരിക്കേണ്ടതാകുന്നു.

b) കഴിവുണ്ടാകുമ്പോൾ സംഘത്തിൻെറ അഭിവൃദ്ധിക്ക് ഒരു ട്രാവലിംഗ് സെക്രട്ടറിയെ (Travelling Secretary) എക്സിക്യൂട്ടീവ് കമ്മററി നിയമിക്കേണ്ടതും, അയാൾ ടി കമ്മററിയിലെ ഒരംഗമായിരിക്കേണ്ടതുമാണ്.

c) സംഘം സംബന്ധമായി ഭിന്നാഭിപ്രായങ്ങൾ വന്ന് സംഘം നടത്തിപ്പിന്ന് വിഘാതം നേരിട്ടാൽ അദ്ധ്യക്ഷൻ തിരുമേനി ചെയ്യുന്ന തീരുമാനമനുസരിച്ച് കാൎയ്യങ്ങൾ തീരുമാനിക്കുന്നതാകുന്നു.

d) ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വ്യത്യാസം വരുത്തേണ്ടതായി തോന്നിയാൽ എക്സി: കമ്മററിയിൽ പാസ്സാക്കി, വാൎഷികസമ്മേളനത്തിൽ സ്വീകരിച്ച് അദ്ധ്യക്ഷൻ തിരുമേനിയുടെ അനുവാദത്തോടുകൂടി നടപ്പിലാക്കിക്കൊള്ളേണ്ടതാകുന്നു.

ടി വ്യവസ്ഥകൾ 1948—ഏപ്രിൽ 21-ാംനു- മുതൽ ഏപ്രിൽ 23-ാംനു- വരെ തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽവച്ച് കൂടിയ വിദ്യാൎത്ഥി സമ്മേളനത്തിലെ തീരുമാനമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട കമ്മററി രൂപീകരിച്ചിട്ടുള്ളവയാണ്. അടുത്ത വാൎഷികസമ്മേളനത്തിൽ ഇതു് പാസ്സാക്കപ്പെടുന്നതിനു മുമ്പായി എന്തെങ്കിലും വ്യത്യാസം വരുത്തണമെന്നൊ, കൂട്ടിച്ചേൎക്കണമെന്നൊ അഭിപ്രായമുള്ളപക്ഷം ആ വിവരം ജ: സെക്രട്ടറിയെ അറിയിപ്പാൻ താല്പൎയ്യപ്പെടുന്നു.

എന്നു്,

പി. എം. ജോസഫ് ശെമ്മാശ്ശൻ,

തൃക്കുന്നത്തു സിമ്മനാരി,

ആലുവാ.

ജനറൽ സെക്രട്ടറി

ക്രിസ്തീയ ലഘുമതോപദേശങ്ങൾ.

(തുടൎച്ച)

(Fr. V. C. Gheevarghese.)

പാഠം 14.

വിശ്വാസപ്രമാണത്തിന്റെ പത്താം ഭാഗം.

1. ചോ:— വിശ്വാസപ്രമാണത്തിന്റെ 10-ാം ഭാഗം നമ്മെ എന്തു പഠിപ്പിക്കുന്നു? ഉ:— പാപമോചനത്തിന്നു് മാമ്മോദീസാ ഒന്നു മാത്രമെയുള്ള എന്നു് പഠിപ്പിക്കുന്നു.

2. ചോ:— മാമ്മോദീസായിലെ വെള്ളംകൊണ്ടുള്ള കഴുകൽ മൂലമാണൊ രക്ഷ പ്രാപിക്കുന്നതു് ? ഉ:— ഇതിനുള്ള ഉത്തരം വി: പത്രോസ് തന്റെ ലേഖനത്തിൽ പറയുന്നതു് ഉദ്ധരിക്കാം. "നിങ്ങളും മാമ്മോദീസാ മൂലം രക്ഷപ്രാപിക്കുന്നു. അതു്—അഴുക്കിൽനിന്നു്—ശരീരത്തെ കഴുകുന്നതുകൊണ്ടല്ല-നിൎമ്മലമായ മനസ്സാക്ഷിയോടുകൂടി ദൈവത്തേയും യേശുമ്ശീഹായുടെ പുനരുത്ഥാനത്തേയും ഏററുപറയുന്നതുകൊണ്ടാകുന്നു." (1 പത്രോ. 3: 21) വി. പത്രോസിന്റെ ഉപദേശത്തിന്നു് അടിസ്ഥാനമായി കൎത്താവുതന്നെ കല്പിച്ചിരിക്കുന്ന വാക്യം ഉദ്ധരിക്കാം. "വിശ്വസിച്ചു് മാമ്മോദീസാ ഏൽക്കുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ ദണ്ഡനവിധിയെ അനുഭവിക്കയും ചെയ്യും." (മൎക്കോ. 16: 16) വിശ്വസിക്കാത്തവൻ ദണ്ഡനവിധിയെ ഏൽക്കുമെന്നു് എടുത്തു പറഞ്ഞിരിക്കുന്നതിനാൽ വിശ്വാസമാണു് അതിലെ മൎമ്മമെന്നു് കൎത്താവു് പഠിപ്പിക്കുന്നു.

3. ചോ:— രക്ഷക്കു് ആവശ്യമായ വിശ്വാസത്തിൽ അടങ്ങിയിരിക്കേണ്ട പ്രധാന സംഗതികൾ ഏവ? ഉ:— (1) ജഡസ്വഭാവത്തെ ക്രൂശിക്കുന്ന അനുഭവം ഉണ്ടാകണം. (റോമ. 6: 6) (2) പാപത്തിന്റെ കൂട്ടായ്മയെ വിട്ടു് ക്രിസ്തുവിൽകൂടെ ദൈവത്തിൽ ജീവിക്കണം. (റോമ. 6: 11; കോലോ. 2: 6) (3) പ: ആത്മാവിന്റെ നിയന്ത്രണത്തിൽ ജീവിക്കണം. അതായതു്, നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിന്നു് സമൎപ്പിക്കണം. (റോമ. 6: 13; റോമ. 8: 14).

4. ചോ:— ഈ അനുഭവം ഉള്ള വിശ്വാസത്തിന്റെ അനുഗ്രഹങ്ങൾ ഏവ? ഉ:— ഇതിനുള്ള ഉത്തരം വി. യോഹന്നാൻ ശ്ലീഹാ പറയുന്നുണ്ടു്. "അവനെ കൈക്കൊണ്ടു് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവൎക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." യോഹ. 1: 12. "പുത്രനുള്ളവന്നു് ജീവനുണ്ടു്; ദൈവപുത്രനില്ലാത്തവന്നു് ജീവൻ ഇല്ല. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു് ഞാൻ ഇതു് എഴുതിയിരിക്കുന്നതു്, നിങ്ങൾക്കു് നിത്യജീവൻ ഉണ്ടെന്നു് നിങ്ങൾ അറിയേണ്ടതിന്നുതന്നെ." (1 യോഹ. 5: 12—13)

5. രക്ഷക്കു് പല മാൎഗ്ഗങ്ങളുണ്ടെന്നു് ഇക്കാലത്തു് പലരും പഠിപ്പിക്കുന്നു. അതു് ശരിയാണൊ? ഉ:— കൎത്താവുതന്നെ അതിന്നു് ഉത്തരം നൽകുന്നുണ്ടു്. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ. 14: 6)

6. ചോ:— വീണ്ടും ജനനം ഉണ്ടാകുമ്പോൾ ലഭിക്കുന്ന ജീവൻ ഏതാണു്? ഉ:— ആയതു് ദൈവപുത്രനെ കൈക്കൊള്ളുമ്പോൾ ദൈവപുത്രനിലുള്ള ജീവൻ തന്നെ. "ആ സാക്ഷ്യമൊ ദൈവം നമുക്കു് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ടു് എന്നുള്ളതു തന്നെ" (1 യോഹ. 5: 11) "അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നുതന്നെ" (യോഹ. 3: 15) "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹ. 3: 16) "പുത്രനിൽ വിശ്വസിക്കുന്നവന്നു് നിത്യജീവൻ ഉണ്ടു്; പുത്രനെ അനുസരിക്കാത്തവനൊ, ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു" (യോഹ. 3: 36)

7. ചോ:— "അവൻ (ക്രിസ്തു) അവളെ (സഭയെ) വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി" എന്നു് എഫേസ്യർ 5: 26-ൽ 'വചനത്തോടുകൂടിയ' എന്നു പറയുന്നതു് എന്തുകൊണ്ടാണു് ? ഉ:— വചനം നമ്മുടെ വീണ്ടുംജനനത്തിന്നു് എങ്ങിനെ ആവശ്യമാണെന്നു് വേദപുസ്തകത്തിൽനിന്നും പഠിക്കാം. (യാക്കോബ് 1: 18) "നാം അവന്റെ സൃഷ്ടികളിൽ ഒരു വിധം ആദ്യഫലമാകേണ്ടതിന്നു് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു" (1 കോറി. 1: 21) "ദൈവത്തിന്റെ ജ്ഞാനത്തിൽ, ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു് പ്രസാദം തോന്നി" (1 കോറി. 4: 15) "ക്രിസ്തുയേശുവിൽ ഞാനല്ലൊ, നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചതു്." (1 പത്രോ. 1: 23) "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ—ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു." അതിനാൽ ദൈവവചനത്തെ കൈക്കൊള്ളേണ്ടതു് എത്രയൊ അത്യാവശ്യമെന്നു് പത്രോസ്, യാക്കോബ്, പൗലോസ് എന്നീ വിശുദ്ധ ശ്ലീഹന്മാർ പഠിപ്പിക്കുന്നു.

സൂചകം:— 11-12-വകുപ്പുകളെപ്പററിയുള്ള പാഠങ്ങൾകൊണ്ടു് ഈ ലേഖനപരമ്പര അവസാനിപ്പിക്കുന്നു. ചോദ്യോത്തരത്തിൽനിന്നും ചോദ്യങ്ങൾ ചോദിച്ചു് പരീക്ഷ നടത്തി 1-ാമന്നു് 10 കയും, 2-ാമന്നു് 5 കയും സമ്മാനം കൊടുക്കുമെന്നു് ആദ്യമെ ഞാൻ അറിയിച്ചിട്ടുള്ളതാണു്. പരീക്ഷക്കു് ചേരുവാൻ 1 ചക്രം സ്റ്റാമ്പയച്ചു് കുട്ടികൾ (18 വയസ്സിൽ കൂടുതൽ പാടില്ല) മേൽവിലാസം ഉടനെ അറിയിക്കണം. ഫാദർ വി. സി. ഗീവൎഗ്ഗീസ്, തോട്ടംമുഖം, ആലുവാ.)

ചോദ്യോത്തരപംക്തി

(പി. എ. സ്കറിയാ പടിഞ്ഞാറേൽ, കുന്നത്തുകളം.)

ചോദ്യം I:— 114-ാം സങ്കീൎത്തനം 24-25 വാക്യങ്ങളിൽ "മരിച്ചവരും അന്ധകാരത്തിലേക്കു് ഇറങ്ങുന്ന യാതൊരുത്തരും കൎത്താവിനെ സ്തുതിക്കുന്നില്ല. ഞങ്ങളൊ, ഇതുമുതൽ എന്നന്നേക്കും കൎത്താവിനെ വാഴ്ത്തും" എന്നു് പറഞ്ഞിരിക്കുന്നതിന്റെ അൎത്ഥമെന്തു്?

ഉ:— ചില അടിപ്പുകളിൽ 114-115 അദ്ധ്യായങ്ങൾ ഒരുമിച്ചും ചിലതിൽ രണ്ടായിട്ടും കാണുന്നുണ്ടു്. രണ്ടായി കാണുന്നതിൽ ഈ വാക്യങ്ങൾ 115-ാം അദ്ധ്യായം പതിനേഴാം വാക്യമായിട്ടാണു് ചേൎത്തിരിക്കുന്നതു്. ഈ രണ്ടു് അദ്ധ്യായങ്ങളും ഇസ്രായേൽജനം മിസ്രയിം അടിമയിൽനിന്നും മടങ്ങിവരുന്ന യാത്രയെ സൂചിപ്പിക്കുന്നു. വിഗ്രഹങ്ങളെ ആരാധിക്കുന്നവരും യഹോവായെ അറിയാതെ പാപത്തിൽ മരിച്ചു് അന്ധകാരത്തിൽ ജീവിക്കുന്നവരും (മിസ്രയിമ്യർ) കൎത്താവിനെ സ്തുതിക്കുന്നില്ല. എന്നാൽ ഞങ്ങളൊ (ദൈവത്തെ ആരാധിക്കുന്നവരായ ഇസ്രായേല്യർ) ഈ മിസ്രയിമ്യരിൽനിന്നും രക്ഷപ്രാപിച്ച നാൾമുതൽ എന്നേക്കും കൎത്താവിനെ വാഴ്ത്തും എന്നാണൎത്ഥം.

എം. സി. ജോസഫ്, മുളക്കാഞ്ചിറ, ചിങ്ങവനം.

ചോദ്യം 2:— യേശുവിന്റെ ജനനപ്പെരുന്നാൾ കൊല്ലംതോറും കൃത്യതീയതിയിലും ഉയൎപ്പുപെരുന്നാൾ തീയതി വ്യത്യാസപ്പെട്ടും വരുന്നതു് എന്തുകൊണ്ടു്?

ഉ:— ജനനപ്പെരുന്നാൾ മ്ശീഹാ ജനിച്ച ദിവസമായ ധനു 25-ാംനു- തന്നെ കൊല്ലംതോറും കൊണ്ടാടുന്നു. എന്തുകൊണ്ടെന്നാൽ, പിറന്നാൾതീയതി മാറുവാൻ നിവൎത്തിയില്ലല്ലൊ. എന്നാൽ കൎത്താവിന്റെ ഉയൎപ്പു് ഞായറാഴ്ചദിവസമായിരുന്നതുകൊണ്ടു് അതുമൂലം ആ ദിവസം കൎത്തൃദിനമായിതീൎന്നതുകൊണ്ടു് ഉയൎപ്പു് ദുഃഖവെള്ളിയാഴ്ച കഴിഞ്ഞുവരുന്ന ഞായറാഴ്ച ദിവസംതന്നെ കൊണ്ടാടുന്നു.

വി. റി. ആദായി

ചോദ്യം 3:— അഹറോനിൽനിന്നുള്ള തുടൎച്ചയായ ആചാൎയ്യത്വം കൎത്താവിന്നു് കിട്ടിയെന്നു പറയുന്നതിന്റെ അൎത്ഥമെന്തു് ?

ഉ:— അഹറോന്റെ പൌരോഹിത്യം സ്കറിയാക്കു് ലഭിച്ചു. ഏവൻഗേലിസ്ഥാ അവനെ സംബന്ധിച്ചു് പറയുംപ്രകാരം ലേവിഗോത്രക്കാരൻ ആകകൊണ്ടു് ഇതു് പാരമ്പൎയ്യമായി സിദ്ധിച്ചു. സ്കറിയാ ആചാൎയ്യനായിരുന്നതിനാൽ ന്യായപ്രമാണമനുസരിച്ചു് യോഹന്നാനും പൌരോഹിത്യമുണ്ടു്. യോഹന്നാനിൽനിന്നും മ്ശീഹാ പൌരോഹിത്യം എടുത്തതിനാൽ മ്ശീഹായ്ക്കു് യോഹന്നാനിൽനിന്നും പൌരോഹിത്യം ലഭിച്ചുവെന്നല്ല, പ്രത്യുത ലേവികുലത്തിൽനിന്നും പൌരോഹിത്യം താൻ എടുത്തു് പഴയ പൌരോഹിത്യ പിൻതുടൎച്ചക്കുണ്ടായിരുന്ന ക

ടുംബപരമായ അവകാശത്തിന് വിരാമമിട്ടു്, പത്രോ
സിന്നടുത്ത ശ്ലീഹന്മാക്കു് കൊടുത്തുവെന്നത്രെ കാണിക്കുന്ന
തു്. രാജത്വവും, പ്രവചനവരവും അവരിൽനിന്നും എ
ടുത്തതുപോലെ പൌരോഹിത്യവും യഹൂദവംശത്തിൽനി
ന്നും എടുക്കപ്പെട്ടുപോയി എന്നത്ഥം. കത്താവിൻെറ
പൌരോഹിത്യം പിതാവായ ദൈവം പുത്രനെ അഭിഷേകം
ചെയ്തപ്പോൾ മുതല്ക്കുള്ളതും സ്ത്രീയുടെ സന്തതി സപ്പത്തി
ൻെറ തലയെ ചതയ്ക്കും എന്നു പറഞ്ഞപ്പോൾ വെളിപ്പെ
ടുത്തിയതും യോഹന്നാൻ സ്ഥാപകൻ യഹൂദാ ഗോത്രക്കാര
നായ കത്താവിൻെറ നിത്യപൌരോഹിത്യത്തെ ചൂണ്ടിക്കാ
ണിച്ചു് അന്നത്തെ ഇസ്രായേലിന്നു് കത്താവിനെ അധികാ
രിയാക്കി മനസ്സിലാക്കികൊടുത്തതും (Introduce) ചിന്തി
ക്കണം.

(പത്രാധിപർ.)

ഫാദർ മാത്യു, ചാന്തിയം.

ചോദ്യം 4:— നമ്മുടെ ചില പള്ളികളിൽ
യേശുക്രിസ്തുവിൻേയും, പരിശുദ്ധന്മാരുടേയും, കന്യക മറി
യത്തിൻേറയും പടങ്ങൾ വച്ചിരിക്കുന്നതായി കാണുന്നു.
ആ ചിത്രങ്ങൾ വഴിയായി ആരാധന നടത്തുന്നതു് വി
ഹിതമൊ ?

ഉ:— ഒരാളുടെ വിഗ്രഹം ഉണ്ടാക്കിവച്ചാൽ
അതു് സാക്ഷാൽ ആളാണെന്നു വിചാരിച്ചു് അതിൻെറ
മുമ്പിൽ ആരാധന നടത്തുവാൻ എളുപ്പമുണ്ടു്. എന്നാൽ
വെറും ചിത്രം വരച്ചുവെയ്ക്കുന്നതിനെ ആരും ആരാധിക്കാ
റില്ല. അതു് കാണുന്നതിനും ആ ആളെ ഓക്കുന്നതിനുമ
ല്ലാതെ അതു് സാക്ഷാൽ ആളാണെന്നു തെററിദ്ധരിച്ചു്
ആരും ആരാധിക്കുമെന്നു തോന്നുന്നില്ല. അറിവില്ലാതെ
ആരെങ്കിലും അതിനെ അരാധിക്കുന്നപക്ഷം അതു് എടു
ത്തു മാറേറണ്ടതാകുന്നു.

ചോദ്യം 5:— നമ്മുടെ പ: ത്രോണോസ്സുകളെ
പുഷ്പങ്ങളും മററും വെച്ചു് അലങ്കരിക്കുന്നതിൽ തെററു
ണ്ടോ ?

ഉ:— പ: ത്രോണോസ്സുകൾ മേലദ്ധ്യക്ഷനാൽ കൂ
ദാശ ചെയ്യപ്പെട്ടതായിരിക്കണം. അതു് വി. ബലി അപ്പിക്കു
ന്ന രക്ഷാകരമായ ബലിപീഠമാകയാൽ കൂദാശ ചെയ്യപ്പെ
ട്ട സാധനങ്ങൾ മാത്രമെ അതിന്മേൽ വെയ്ക്കാവു. നിത്യവും
കൂദാശ ചെയ്യുവാനുള്ള പ്രയാസംകൊണ്ടു് വാടിപ്പോകാ
ത്തതും, നയനാനന്ദകരവുമായ ചെടികളും, പുഷ്പങ്ങളും,
മരംകൊണ്ടോമറെറാ ഉണ്ടാക്കി കമനീയമാംവിധം ചായ
മിട്ടു്, കൂദാശചെയ്തു് പ: ത്രോണോസ്സിൽ അലങ്കാരത്തി
നായി വയ്ക്കാറുണ്ടു്. പ: ത്രോണോസ്സിനെ കൂദാശ ചെ
യ്യപ്പെട്ട സാധനങ്ങൾകൊണ്ടുമാത്രം എത്രയും യോഗ്യമാ
യ രീതിയിൽ അലങ്കരിക്കുന്നതിൽ തെററില്ല. "ക്ദോസ്
കദിശീൻ" ഉണ്ടാക്കുന്നതു് അതിന്നു് എത്രയും അലങ്കാര
മാകുന്നു.

പുനരൈക്യപ്രസ്ഥാനം.

(Rev: Fr. Athumkal.)

മലങ്കരസഭയിൽ പുനരൈക്യപ്രസ്ഥാനം ആരംഭിച്ചി
ട്ടു് 3-ാം ശതവഷം തികയുന്നതിന്നു് ഇനി 4 വ
ഷം മാത്രമേയുള്ളു. പുനരൈക്യപ്രസ്ഥാനത്തിൻെറ 3-ാം
ശതവത്സരാഘോഷം മലങ്കര സഭയുടെ നാനാഭാഗങ്ങളി
ലും കൊണ്ടാടുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ചെ
യ്യേണ്ടിയിരിക്കുന്നു. എന്നാൽ ഈ ആഘോഷത്തിനു മുമ്പ്
ടി. പ്രസ്ഥാനം ശക്തിപ്പെടുത്തുകയും, പുനരൈക്യത്തിനാ
യി സകല കഴിവുകളും വിനിയോഗിക്കുകയും ചെയ്യേണ്ടതു്
നമ്മുടെ എല്ലാ വൈദീകഗണത്തിൻേറയും സമുദായപ്രമാ
ണികളുടേയും ചുമതലയാകുന്നു.

മലങ്കര സഭയിൽ 16-ാം ശതവഷംവരെ പറയ
ത്തക്ക ഭിന്നതകളൊന്നും കൂടാതെയും, ഒരേ വിശ്വാ
സോപദേശങ്ങൾക്കു് വിധേയമായി നിഖ്യാ സൂന്നഹദോ
സിലെ നിശ്ചയമനുസരിച്ചും ഒരേ ഒരു തലവനിൽ-അഥ
വാ വി: അന്ത്യോഖ്യാ സിംഹാസനത്തിൻെറ മേൽക്കോയ്മ
യെ അംഗീകരിച്ചും അനുസരിച്ചും വന്നിരുന്നു.

ഇപ്രകാരം ഏകോദരസഹോദരത്വത്തിൽ വി:
അന്ത്യോഖ്യാസിംഹാസനത്തിന്നു് വിധേയമായി മലങ്കര ആ
ക്ദെയാക്കോന്മാരാൽ ഭരിക്കപ്പെട്ടു് വളന്നുവന്ന വി: മലങ്ക
ര സഭയിൽ 15-ാം നൂററാണ്ടിൽ പോർട്ടുഗീസ് പാഷണ്ഡ
മതബീജങ്ങൾ വലിഞ്ഞുകയറുവാൻ ഇടയായി. തൽ
ഫലമായി രാജകീയ ശക്തികൊണ്ടും പണംകൊണ്ടും
മററു പ്രകാരത്തിലും മലങ്കര സഭയിലെ ബഹുഭൂരിപക്ഷ
ത്തെ 1599-ൽ ബിഷപ്പു് മെനസിസ്സിൻെറ കതന്ത്രത്താൽ
പോർട്ടുഗീസ് ശീശ്മക്കു് അഥവാ റോമാശീശ്മക്കു് വിധേയ
മാക്കി. ഇപ്രകാരമാണു് പിശാചു് അനൈക്യത്തിൻെറ
വിത്തു് മലങ്കര സഭയിൽ വിതച്ചതു്.

ധീരനായ തോമസ് അക്ദെയാക്കോൻെറ ഭരണ
കാലത്തു് അദ്ദേഹത്തിൻെറ പരിശ്രമത്താൽ മലങ്കരസഭ
1653-ലെ കൂനൻകുരിശു സത്യത്തോടുകൂടി വി: അന്ത്യോ
ഖ്യാ സിംഹാസനത്തോടു് പുനരൈക്യപ്പെട്ടു. ഈ പുന
രൈക്യപ്രസ്ഥാനം..............................
റോമാ മിഷ്യനറിമാക്കു് രുചികരമായിരുന്നില്ല. അവർ
സകല തന്ത്രങ്ങളും പ്രയോഗിച്ചു് മലങ്കര സഭയിലെ സ
ത്യവിശ്വാസികളെ തെററിക്കുവാൻ ശ്രമിച്ചു. അതിലേ
ക്കു് കമ്മലീത്താ മിഷ്യനറിമാർ ആഗതരാവുകയും അവർ
ആളാംപ്രതിയായും, കുടുംബമായും, ഇടവകകളെ പൊതു
വായും സ്വാധീനപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെ
യ്തു. മലങ്കര സഭയുടെ മെത്രാനായി വാഴിക്കപ്പെട്ട തോ
മസ് അക്ദെയാക്കോൻെറ, അഥവാ മാർ തോമസ്
1-ാമൻെറ ആലോചനാസംഘത്തിൽപെട്ട ചിലർ പണം
മോഹിച്ചു് വീണ്ടും പോർട്ടുഗീസ്-റോമാ-ശീശ്മക്കു് വി
ധേയരായി. ഇതോടുകൂടി കുതന്ത്രജ്ഞന്മാരായിരുന്ന ക
മ്മലീത്താ മിഷ്യനറിമാർ മാർ തോമസ് 1-ാമന്നു് എതി
രായി അതേ കുടുംബത്തിലും ബന്ധത്തിലുംപെട്ട പള്ളിവീ
ട്ടിൽ അലക്സന്ത്രയോസ് കത്തനാരെ മെത്രാനായി 1663-ൽ
(പുനരൈക്യത്തിൻെറ പത്താം വഷത്തിൽ) വാഴി
ച്ചു. മലങ്കരയിലെ ഈ റോമാ മെത്രാൻെറ കാലത്തു് മ
ലങ്കരയിൽ മൂന്നിലൊരുഭാഗം പള്ളികളോളം അഥവാ $\frac{1}{4}$-ജ
നങ്ങളോളം റോമാ ശീശ്മക്കു് വീണ്ടും വിധേയമായി. ഏ
കോദരസഹോദരത്വത്തിൽ ഒന്നായി ജീവിച്ചിരുന്ന മല
ങ്കര സഭയിലെ പള്ളികളിലും ജനങ്ങളിലും ശക്തിയായ പി
ളപ്പുണ്ടാക്കി. മലങ്കര മെത്രാനായിരുന്ന മാർ തോമ
സ് 1-ാമനെ വിട്ടുപോയവർ തങ്ങൾക്കായി ഒരു മെ
ത്രാൻ വാഴിക്കപ്പെട്ടതോടുകൂടി "പഴയക്കൂററുകാർ" എ
ന്നു് സ്വയം വിളിച്ചുതുടങ്ങുകയും മലങ്കര സഭയിൽ ഇപ്ര
കാരം നാളിതുവരെ "പഴയക്കൂർ"-"പുതിയക്കൂർ" ഭിന്നത
നടമാടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

1663-ൽ ഉണ്ടായ റോമാ ശീശ്മയെ ഭേദിച്ചു് അ
വരെ പുനരൈക്യപ്പെടുത്തുവാൻ മാർ തോമസ് പ്രഥമ
ൻെറ കാലംമുതൽ 1825 വരെ മലങ്കര സഭയിൽ ഭരണം
നടത്തിക്കൊണ്ടിരുന്ന ഓരോ മലങ്കര മെത്രാപ്പോലീത്താമാ
രും പ്രമാണികളും ചെയ്തിട്ടുള്ള തീവ്രശ്രമങ്ങളും കഷ്ട
നഷ്ടങ്ങളും ചരിത്രപ്രസിദ്ധവും ഉല്ലേഖം ചെയ്യാൻ ശ്രമ
സാദ്ധ്യവുമാകുന്നു. ഇവരിൽ അധികമായി ശ്രമിച്ചതു്
മാർ തോമസ് 4-ാ 5-ാ 6-ാ മെത്രാന്മാരായിരുന്നു.

പഴയക്കൂർ—പുതിയക്കൂർ ഭിന്നതയുടെ കാലത്തു
തന്നെയാണു് പ്രോട്ടസ്റ്റൻറു് പാതിരിമാർ മലങ്കര സഭ
യിൽ നവീകരണ ഉപദേശങ്ങൾ വിതച്ചുതുടങ്ങിയതു്.
രണ്ടു കൂററിൽനിന്നുമായി പലരെ അവരുടെ സഭയിൽ ചേ
ർത്തുതുടങ്ങി. പ്രോട്ടസ്റ്റൻറു് മിഷ്യനറിമാക്കു് മലങ്കര യാ
ക്കോബായ സഭയിൽ ഒരു ഒളിഞ്ഞുനോട്ടമുണ്ടായി. അവരു
ടെ പ്രവത്തനത്തിൻെറ ഫലമായി വി: അന്ത്യോഖ്യാ സിം
ഹാസനത്തിൽ നിന്നു് മിഷ്യനറിമാർ വരുന്നതിനുള്ള സാദ്ധ്യ
തകൾക്കു് തടസ്സങ്ങൾ നേരിട്ടു. മാത്രവുമല്ല, വരുന്ന മി
ഷ്യനറിമാർ സ്ഥലത്തു് വേല ചെയ്യാതിരിക്കത്തക്കവണ്ണ
മുള്ള പ്രവത്തനങ്ങളും അവർ ചെയ്തുകൊണ്ടിരുന്നു. മല
ങ്കര മെത്രാപ്പോലീത്തായെ സ്വാധീനപ്പെടുത്തി മലങ്കര സ
ഭയെ ഒന്നടങ്കം ഭരിക്കാമെന്നുള്ള അവരുടെ വ്യാമോഹം ന
ഷ്ടപ്പെട്ടപ്പോൾ സഭയിൽ ഭിന്നത ഉണ്ടാക്കുന്നതിനുള്ള ആ
ന്തരീകവേലകൾ ചെയ്തു. കോട്ടയം സിമ്മനാരിയിൽ മ
ല്പാന്മാരായിരുന്ന സുറിയാനി പണ്ഡിതന്മാരായ പട്ടക്കാർ
തമ്മിൽ നിസ്സാരമായ ചില സംഗതികളിൽ ഭിന്നതയു
ണ്ടാവുകയും അതിൽ ഒരാളായ കോനാട്ടു് മല്പാനും മെത്രാ
പ്പോലീത്തായും തമ്മിലുള്ള സഹോദരത്വത്തെപ്രതി മ
റെറാരാളായ പാലക്കുന്നത്തു് അബ്രഹാംമല്പാൻ അവക്കെ
തിരായി പ്രോട്ടസ്റ്റൻറുകാരെ കൂട്ടുപിടിച്ചു് സഭയിൽ
അവിടവിടെ നവീകരണം നടപ്പാക്കുന്നതിലേക്കു് അദ്ദേ
ഹത്തിൻെറ ശിഷ്യന്മാരുടെ ഇടയിൽ സ്വാധീനം ചെലു
ത്തുകയും ചെയ്തു. അതിനെ തുടന്നുണ്ടായ വാശിമൂലം പാ
ലക്കുന്നത്തു് മാത്യൂസ് മലങ്കരയുള്ള യാതൊരു പള്ളിക
ളുടേയും അറിവൊ സമ്മതമൊ കൂടാതെ അത്താനാസിയോ
സ് എന്ന പേരിൽ വി: അന്ത്യോഖ്യാ പാത്രിയക്കീസിൽ
നിന്നും മെത്രാൻപദം സ്വീകരിച്ചു് 1843-ൽ മലങ്കരയിൽ
എത്തുകയും അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയി
രുന്ന ചേപ്പാട്ടു് മാർ ദീവന്നാസിയോസ് 4-ാമന്നു് എതി
രായി കൂട്ടുകെട്ടുണ്ടാക്കുകയും ചെയ്തു. അന്നുവരെ ഒരേ
ഒരു മെത്രാപ്പോലീത്തായാൽ ഭരിക്കപ്പെട്ടിരുന്ന മലങ്കര യാ
ക്കോബായ സഭയിൽ ഇടവക തിരിക്കാതെ മറെറാരു മെ
ത്രാൻപാട്ടി വിദ്വേഷത്തോടുകൂടി ഭരിപ്പാൻ തുടങ്ങിയ
പ്പോൾ ഐക്യത്തിൻെറ കൊടി കീറിപ്പോയി. 1843-ൽ
പാലക്കുന്നത്തു് മത്യൂസ് മാർ അത്താനാസിയോസ് നട്ടുന
നച്ചതായ അനൈക്യത്തിൻെറയും സമരത്തിൻെറയും ഫ
ലമായി 1868-ൽ നവീകരണശീശ്മക്കാക്കു് മാർ തോമസ്
എന്ന പേരിൽ ഒരു മെത്രാൻ ഉണ്ടാകുന്നതിനും അദ്ദേഹ
ത്തിൻെറ പേരിൻപ്രകാരം നവീകരണ ശീശ്മയെ സ്വീക
രിച്ചവർ മാത്തോമ്മാസഭ എന്ന പേരു് സ്വീകരിക്കുന്നതി
നും 1889-ൽ യാക്കോബായ സഭയിൽനിന്നും പൂണ്ണമായി
പിരിയുന്നതിനും ഇടവന്നു. നവീകരണശീശ്മയിൽ പെട്ട
വരെ പുനരൈക്യപ്പെടുത്തുന്നതിന്നു് ഓരോ കാലത്തുമുണ്ടാ
യ ശ്രമങ്ങൾ വിഫലീകൃതമാവുകയാണുണ്ടായതു്.

നവീകരണ ശീശ്മയോടുകൂടി മലങ്കര സഭയിൽ ക്രിസ്തീയനാമധേയം സ്വീകരിച്ച അനേകം ചെറിയ സംഘങ്ങൾ ഓരോ ഭാഗങ്ങളിൽ ഇപ്പോഴും മുളച്ചുകൊണ്ടിരിക്കുന്നു. അതിനെ തുടന്ന് 1910-നു ശേഷം മലങ്കര യാക്കോബായ സഭയിൽ ഉണ്ടായ നവീനശീശ്മ പുനരൈക്യപ്രസ്ഥാനത്തിന് ഒരു വിരാമം ഇടുകയും തന്നിമിത്തം അതിനുവേണ്ടി പ്രവത്തിക്കേണ്ടവർ ഭഗ്നാശരായി—പ്രവത്തനരഹിതരായി—കഴിഞ്ഞുകൂടുകയും ചെയ്യുന്നു.

ഇപ്രകാരം 350 വഷക്കാലമായി മലങ്കര സഭയിൽ നടമാടിക്കൊണ്ടിരിക്കുന്ന അനൈക്യത്തേയും ശീശ്മാസംഘങ്ങളേയും പുനരൈക്യപ്പെടുത്തുന്നതിന് മലങ്കര സഭയിലെ വൈദീകവൃന്ദവും സഭാനേതാക്കന്മാരും ശക്തിയുക്തം പ്രവത്തിക്കേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. ക്രിസ്തീയ സഭയുടെ ചരിത്രം വായിച്ചാൽ ഓരോ കാലങ്ങളിൽ സഭയിൽ ഭിന്നതകൾ ഉണ്ടായിട്ടുള്ളതായും അവയിൽ ചിലതു് യോജിക്കുകയും ചിലതു് വിയോജിക്കുകയും ചെയ്തതായും കാണാവുന്നതാണ്. മററു ക്രിസ്തീയ സമുദായങ്ങളിലും വിയോജിപ്പുകളൊ ഭിന്നതകളൊ ഉള്ള അവസരങ്ങളിലൊ ഇല്ലാത്ത അവസരങ്ങളിലൊ തങ്ങളുടെ പ്രവത്തനങ്ങൾ അവർ നിറുത്തിവയ്ക്കുന്നില്ല. സഭയുടെ പുനരൈക്യപ്രസ്ഥാനങ്ങളും സുവിശേഷപരമായ മററു പുരോഗമന പ്രവത്തനങ്ങളും ഏതൊരവസരത്തിലും ചെയ്തുകൊണ്ടിരിക്കേണ്ടതു് സഭാമക്കളുടെ-സ്നേഹമുള്ള വിശ്വാസികളുടെ-ചുമതലയാകുന്നു. ജീവനുള്ള ഒരു ക്രിസ്തീയ സമുദായം 1-ാമതു് അതിൻെറ മക്കളുടെ വിശ്വാസസ്ഥിരതയ്ക്കുവേണ്ടി പ്രവത്തിച്ചുകൊണ്ടിരിക്കണം. 2-ാമതു് സഭയെവിട്ടുപോയവരെ (ശീശ്മകളായവരെ) പുനരൈക്യപ്പെടുത്തണം. 3-ാമതു് ക്രിസ്തുയേശുവിൻെറ ദിവ്യപ്രകാശം ലഭിച്ചിട്ടില്ലാത്ത പുറജാതികൾക്കു് സത്യപ്രകാശം കൊടുക്കണം. ഇതു മൂന്നും സുവിശേഷപരമായ വേലകളാകുന്നു. ഇക്കാര്യങ്ങളിൽ ഇടപെട്ടു് പ്രവത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതു് സഭാനാഥന്മാരുടെ ചുമതലയാണ്.

അതിനാൽ വി: അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിലുള്ള മലങ്കരസഭയെ വിട്ടുപോയവരായ എല്ലാ സുറിയാനി സഹോദരങ്ങളേയും ഓരോരുത്തരായൊ, കൂട്ടമായൊ പുനരൈക്യപ്പെടുത്തുന്നതിന് ശ്രമിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു. അതിനെപ്പററി ആലോചിക്കുകയും പ്രചരണവേലകൾ ചെയ്യുകയും ചെയ്യേണ്ടതു് സാക്ഷാൽ സുറിയാനി രക്തത്തിൽനിന്നുള്ള രക്തമായ-പൂവ്വികകുടുംബത്തിൽ ജനിച്ചവരായ-യാക്കോബായ സഭയിലെ വിശ്വാസികളുടെസന്താനങ്ങളായ യുവകേസരികളുടെ ചുമതലയാണ്. ഇതിലേക്കു് ഓരോ ഇടവകകളിലും കരകളിലും സംഘടിച്ചും വ്യക്തിപരമായും പ്രവത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ സൃഷ്ടിച്ചു് മലങ്കര സഭയുടെ പുനരൈക്യപ്രസ്ഥാനത്തിൻെറ തൃതീയ ശതവത്സരോത്സവം സഘോഷം കൊണ്ടാടി പുനരൈക്യം കൈവരുത്താം.

സ്വാതന്ത്ര്യം! സമാധാനം!! പുരോഗമനം!!!

(പി. പി. ഗീവറുഗീസ്)

സ്വാതന്ത്ര്യം! സമാധാനം!! പുരോഗമനം!!! എന്നീ മൂന്നു കാര്യങ്ങൾ ചിന്താശക്തിയുള്ള ഏതൊരു മനുഷ്യനും ഉണ്ടായിരിയ്ക്കേണ്ടതാണ്. ഈ സംഗതികളെ ആഗ്രഹിയ്ക്കാത്ത മനുഷ്യർ ലോകത്തിൽ അധികമുണ്ടോ എന്നു് സംശയമാണ്. എന്നാൽ ലോകത്തിന് മുഴുവനുമായി ശരിയായ സ്വാതന്ത്ര്യമൊ, സമാധാനമൊ, പുരോഗമനമൊ ഇതുവരെയും കൈവന്നതായി കാണാൻ കഴിയുന്നില്ല. ഇതിനു വേണ്ടി അനേക ചിന്തകന്മാരും ഭരണതന്ത്രജ്ഞന്മാരും വളരെയധികം ശ്രമിച്ചിട്ടുണ്ടു്; ഇപ്പോഴും ശ്രമിക്കുന്നുണ്ടു്. അതിൻെറ ഫലം എന്തായിരിക്കുമെന്നു് കണ്ടറിയേണ്ടിയിരിക്കുന്നു.

മനുഷ്യൻ അവൻെറ ജീവിതത്തെ പരാമശിയ്ക്കുന്ന വിവിധ സംഗതികളിൽ അവനവൻെറ ഇഷ്ടപ്രകാരമുള്ള ഒരു സ്വാതന്ത്ര്യം ലഭ്യമാകുന്നതിന് എന്തെല്ലാം വിധത്തിലുള്ള കോലാഹലങ്ങളാണ് ഉണ്ടാക്കുന്നതെന്നതിനു് ഇന്നത്തെ ലോകം ഒരു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. അനേക സംഗതികളിൽ അന്യോന്യം വ്യത്യസ്ഥപ്പെട്ടിരിയ്ക്കുന്ന മനുഷ്യക്കെല്ലാവക്കും എല്ലാ കാര്യത്തിലും അവനവൻെറ ഇഷ്ടപ്രകാരമുള്ള സ്വാതന്ത്ര്യം വേണം. അല്ലെങ്കിൽ യഥാത്ഥ സ്വാതന്ത്ര്യമായില്ല. എന്തിനധികം പറയുന്നു; ഇപ്രകാരമുള്ള ഒരു സ്വാത്ഥത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സ്വാതന്ത്ര്യത്തെയാണ് ഇന്നു ലോകം ആഗ്രഹിക്കുന്നതു്. ഇതു് ഒരുകാലത്തും സാധിതപ്രായമാകുവാൻ എളുപ്പമുള്ള ഒന്നല്ല. നാം സ്വാതന്ത്ര്യത്തിനുവേണ്ടി അത്യധികം ശ്രമിച്ചു്, അതിനുവേണ്ടി എന്തു ത്യാഗങ്ങളും സഹിപ്പാൻ തയ്യാറാകുമ്പോൾ സ്വാത്ഥമെന്നു പറയുന്ന ആ വിഷബീജം നമ്മിൽ കയറാതിരിപ്പാൻ നാം ശ്രദ്ധിക്കണം.

...കരുതണം. മററുള്ളവൻെറ സ്വാതന്ത്ര്യത്തെ ...പ്പെടുത്തിയിട്ടു് നമുക്കു് സ്വാതന്ത്ര്യം കിട്ടുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടാകയില്ല.

ഇങ്ങിനെ സ്വാത്ഥമെന്നു പറയുന്ന ആ ഒരു ദുർഗ്ഗുണമാണ് ലോകത്തിൽ മനുഷ്യജാതിയെ അസ്വതന്ത്രരാക്കിയിട്ടുള്ളതും, ഇപ്പോൾ ആക്കിക്കൊണ്ടിരിക്കുന്നതും. നമ്മുടെ പൂവ്വപിതാവായിരുന്ന ആദാമിനെ ദൈവം സൃഷ്ടിച്ചപ്പോൾ, തന്നെ സ്നേഹിച്ചു് തൻെറ കൂട്ടായ്മയിൽ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം അവനു് കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ അവൻ ആ സ്വാതന്ത്ര്യത്തെ മറന്നു്, തോട്ടത്തിലെ വിലക്കപ്പെട്ട ഫലം തിന്നാൽ ദൈവത്തെപ്പോലെ ആകാമല്ലൊ എന്നുള്ള സ്വാത്ഥചിന്തയാൽ അതിനെ ഭക്ഷിക്കുകയും ദൈവത്തിൽനിന്നു് അകലുകയും ചെയ്തു. തന്മൂലം അവൻ നിത്യാനന്ദവും നിത്യരക്ഷയും അനുഭവിയ്ക്കുവാനുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തി പാപത്തിനു് അടിമയായി ജീവിയ്ക്കേണ്ടിവന്നു. അതുപോലെതന്നെ മാലാഖമാരുടെ വീഴ്ചക്കുണ്ടായിരുന്ന പ്രധാന കാരണവും അവരുടെ സ്വാത്ഥ മനസ്ഥിതിയായിരുന്നുവല്ലൊ. ഇങ്ങനെ നോക്കിയാൽ മനുഷ്യൻെറ സ്വാത്ഥത തന്നെയാണ് അവനെ അസ്വതന്ത്രനാക്കിയിരിയ്ക്കുന്നതെന്നു കാണാം. അതിനാൽ ഒരു യഥാത്ഥ സ്വാതന്ത്ര്യം ലോകത്തിനു് ഉണ്ടാക്കികൊടുക്കണമെന്നു് ആഗ്രഹിക്കുന്നവർ, സൽഫലങ്ങളെ പുറപ്പെടുവിയ്ക്കേണ്ടതായ നല്ല മുന്തിരിവള്ളിയാകുന്ന തങ്ങളെ ആവരണം ചെയ്തിരിയ്ക്കുന്ന സ്വാത്ഥതയാകുന്ന മുൾച്ചെടിയെ, നിസ്വാത്ഥതയാകുന്ന മൂച്ചയുള്ള വാളിനാൽ വെട്ടിനീക്കി അതിൻെറ ചുവട്ടിൽ സ്നേഹമാകുന്ന വളമിട്ടു് ആർദ്രതയാകുന്ന വെള്ളമൊഴിച്ചു് നനച്ചു് അതിൽനിന്നും സൽഗുണങ്ങളാകുന്ന സൽഫലങ്ങളെ ഉല്പാദിപ്പിയ്ക്കുവാൻ തയ്യാറാകണം. എന്നാൽ ഈ പ്രവത്തി എല്ലാ വ്യക്തികളും ചെയ്യെങ്കിൽ മാത്രമെ ലോകത്തിലാകമാനം ഇതുകൊണ്ടു് പരിപൂണ്ണസ്വാതന്ത്ര്യം ഉണ്ടാകയുള്ളു. അല്ലാതെ ലോകത്തിലെ യാതൊരു വിപ്ലവകാരികൾക്കും ഒരു യഥാത്ഥ സ്വാതന്ത്ര്യം കൈവരുത്തുവാൻ സാധിക്കയില്ല. എന്തെന്നാൽ, അവർ സ്വാതന്ത്ര്യലബ്ധിക്കുള്ള ഏററവും അത്യന്താപേക്ഷിതമായ ചില സംഗതികളെ തീരെ വിഗണിച്ചുകളയുന്നു.

ഇനി സ്വാതന്ത്ര്യത്തിനുവേണ്ടി ഓരോ ക്രിസ്ത്യാനിയും എന്താണ് ചെയ്യേണ്ടതെന്നു നോക്കാം. ക്രിസ്ത്യാനി ആദ്യമായി ചെയ്യേണ്ടതു്, ആത്മീയ സ്വാതന്ത്ര്യം പ്രാപിക്കുക എന്നതാകുന്നു. ആദാമ്യപാപം മൂലം പാപത്തിനു് അടിമകളായിത്തീന്നു് ദൈവത്തിൽനിന്നും അകന്നുപോയ മനുഷ്യജാതിയെ താൻ എന്നേക്കുമായി ഉപേക്ഷിച്ചിട്ടില്ല. പാപത്തിനു് അടിമകളായിപ്പോയ മനുഷ്യജാതിയെ രക്ഷിക്കുന്നതാണെന്നുള്ള തൻെറ വാഗ്ദത്തം നിറവേററുവാൻ പിതാവായ ദൈവം കാലസംപൂണ്ണതയിൽ തൻെറ ഏകജാതനെ ലോകത്തിലേക്കയച്ചു. തൻെറ ക്രൂശിലെ തിരുമരണം മൂലം, പാപത്തിനു് അടിമകളായി ജീവിച്ച മനുഷ്യജാതിയെ, ആ ക്രൂരനായ പിശാചെന്ന യജമാനൻെറ അടിമയിൽനിന്നും വിടുത്തി തൻെറ പുത്രന്മാരാക്കിത്തീക്കുവാൻ ദൈവം അതിയായി ആഗ്രഹിച്ചിരുന്നതിൻെറ ഫലമാണ്, ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു് കാൽവറി കുന്നിന്മേൽ കള്ളന്മാരുടെ മദ്ധ്യത്തിൽ നമുക്കുവേണ്ടി ക്രൂശിൽ തൂങ്ങി മരിച്ച മ്ശിഹാ തമ്പുരാൻ. താൻ തൻെറ ക്രൂശുമരണം മൂലം നമുക്കു് എന്നേയ്ക്കുമുള്ള ഒരു വീണ്ടെടുപ്പു് സാധിച്ചുതന്നിരിയ്ക്കുന്നു. അതിനാൽ നാം തന്നെത്തന്നെ മുഴുവനായി ക്രിസ്തുവിനു് അടിമകളാക്കി സമപ്പിയ്ക്കേണ്ടതാകുന്നു. തൻെറ കീഴിലുള്ള അടിമജീവിതം നമുക്കു് സാക്ഷാൽ സ്വാതന്ത്ര്യമാണ്; അതു് സാക്ഷാൽ ആശ്വാസകരവുമാണ്. എന്തെന്നാൽ "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ!, എല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എൻെറ നുകം ഏററുകൊണ്ടു് എന്നോടു് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു് ആശ്വാസം കണ്ടെത്തും" എന്നു് മ്ശിഹാതമ്പുരാൻ St. Matthew 11: 28-29 വരെ വാക്യങ്ങളാൽ നമ്മെ പഠിപ്പിക്കുന്നു. അതിനാൽ പാപഭാരത്തെ നമ്മിൽനിന്നും നീക്കി യേശുക്രിസ്തുവിനു് അടിമകളായി ജീവിച്ചു് നമ്മുടെ ആത്മീയസ്വാതന്ത്ര്യം കൈവരുത്തുവാൻ നമുക്കു് ആദ്യമെ ശ്രമിക്കാം.

അടുത്തതായി നമ്മുടെ ആത്മീയസ്വാതന്ത്ര്യം ലോകസ്വാതന്ത്ര്യത്തിനു് എങ്ങിനെഉതകുമെന്നു നോക്കാം. നാം ആത്മീയസ്വാതന്ത്ര്യം പ്രാപിച്ചു കഴിയുമ്പോൾ നാം നമുക്കായിതന്നെ ജീവിയ്ക്കാതെ, നമുക്കുവേണ്ടി മരിച്ചിട്ടു് ഉയത്തെഴുന്നേററവനായ ക്രിസ്തുവിനായി ജീവിക്കുന്നൊരനുഭവം നമുക്കുണ്ടാകുന്നു. അപ്പോൾ പാപത്തോടു് നമുക്കൊരു വെറുപ്പു തോന്നുകയും നാം വിശുദ്ധിയിൽ ജീവിച്ചു് ദൈവവുമായുള്ള നിത്യസംസഗ്ഗത്തിൽ വളരുകയും ചെയ്യുന്നു. ഇങ്ങനെ ഒരുവൻ ദിവസവും ദൈവവുമായുള്ള നിത്യസംസഗ്ഗത്തിൽ വസിയ്ക്കുവാൻ തുടങ്ങുമ്പോൾ അവനിൽ വി. പൗലോസ് ശ്ലീഹാ ഗലാത്തി. 5: 22-23 വരെ വാക്യങ്ങളിൽ പറയുന്ന സ്നേഹം, സന്തോഷം, സമാധാനം, ദീഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗ

മൃത, ഇന്ദ്രിയജയം മുതലായ ആത്മാവിൻെറ ഫലങ്ങൾ ഉളവാകുന്നു. ഇങ്ങിനെ ആത്മീയ സ്വാതന്ത്ര്യം പ്രാപിച്ച് മുൻ പറഞ്ഞിരിക്കുന്ന ഫലങ്ങളെ പുറപ്പെടുവിയ്ക്കുന്ന ഒരുവന് ഈ ലോകത്തിൽ യാതൊരു അസ്വാതന്ത്ര്യത്തിനും വഴിയുണ്ടെന്ന് തോന്നുന്നില്ല. അതിനാൽ ക്രിസ്ത്രീയസഭയുടെ മക്കളാകുന്ന നമ്മിൽകൂടിയാകുന്ന ലോകത്തിന് ഒരു സ്വാതന്ത്ര്യം കൈവരുത്തികൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നതെന്ന കാര്യം നാം ഒരിക്കലും മറക്കുവാൻ പാടുള്ള ഒന്നല്ല. സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതെന്ന് ഗലാത്തി. 5: 1—ൽ ശ്ലീഹായും നമ്മെ പ്രബോധിപ്പിക്കുന്നു. വീണ്ടും 5: 13—ൽ, സഹോദരന്മാരെ! നിങ്ങൾ സ്വാതന്ത്ര്യത്തിന്നായി വിളിയ്ക്കപ്പെട്ടിരിയ്ക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിനുള്ള അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ! എന്നും ശ്ലീഹാ നമ്മെ ഉൽബോധിപ്പിയ്ക്കുന്നു. ആകയാൽ ക്രിസ്ത്യാനികളായ നമ്മുടെ ജീവിതമാതൃക ഒന്നു മാത്രമാണ് ലോകത്തിന് സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്യുന്നതിനുള്ള വഴികളിൽ പ്രഥമസ്ഥാനം അർഹിയ്ക്കുന്നതെന്ന രഹസ്യം നാം ഒരിയ്ക്കലും മറക്കരുത്.

ഇന്നത്തെ സണ്ടേസ്കൂൾ പ്രവർത്തനം.

(കെ. സി. സ്കറിയ, മൂവാററുപുഴ)

ആധുനികയുഗത്തെ ആകമാനം താറുമാറാക്കത്തക്ക വിധത്തിൽ, കമ്മ്യൂണിസത്തിൻെറ പേരിൽ സാർവ്വവ്യാപകമായ ഒരു വിപ്ലവം അഴിച്ചുവിടത്തക്ക വിധത്തിൽ, നവഭാരതത്തിൻെറ അധീശാധികാരത്തെ തുറിച്ചുനോക്കികൊണ്ടുള്ള ഒരു ശക്തി ഇന്ന് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുയാണല്ലൊ. സാമുദായികവിശ്വാസത്തിന്, വിശിഷ്യാ അടിയുറച്ച ക്രിസ്തീയവിശ്വാസത്തിന് കടകവിരുദ്ധമായ ഈ പ്രസ്ഥാനത്തെ തടയേണ്ടത് ഓരോ ക്രൈസ്തവൻെറയും കടമയാകുന്നു. ദൈനംദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ നിരീശ്വര വാദഗതിയുടെ അടിയൊഴുക്കിൽ അനേകം ക്രിസ്ത്യാനികൾ പെട്ടുകൊണ്ടിരിക്കുന്നു. അതിൽ ഏറിയകൂറും സുറിയാനി ക്രിസ്ത്യാനികളാണെന്നുള്ളതും ചിന്തനീയമാണ്. ഓരോ മനുഷ്യനേയും കമ്മ്യൂണിസം ആകർഷിക്കുന്നതു പ്രധാനമായി രണ്ടു വിധത്തിലാണ്.

അതിൽ ഒന്ന് തൊഴിലില്ലാതെ ദാരിദ്ര്യമനുഭവിക്കുന്നവരുടെ അന്ധമായ പ്രത്യാശയും രണ്ടാമത്തേത് സർവ്വപ്രധാനമായ ദൈവീകവിശ്വാസത്തിൻെറ കുറവും മാത്രമാകുന്നു.

യഥാർത്ഥമായ ക്രിസ്ത്യാനി എന്ന് നാമകരണം ചെയ്യുവാൻ യോഗ്യതയുള്ളവൻ നമ്മുടെ സമുദായത്തിൽ അംഗുലപരിമിതമാണ്. തന്നെയുമല്ല, ക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുമാർഗ്ഗത്തെക്കുറിച്ചോ എന്തെങ്കിലും അറിയാവുന്നവർ നമ്മുടെ സമുദായത്തിൽ വളരെ വിരളവുമാണ്.

നിരീശ്വര വാദഗതിയെ തടയുവാൻ, ഭാവിപൗരന്മാരുടെ ഉൽക്കണ്ഠാജനകമായ ഭാവിയെ നിർമ്മാർജ്ജനം ചെയ്യുവാൻ, ക്രിസ്തുമതതാൽപര്യത്തെ—അതിൻെറ പരിപാവനതയെ—സംരക്ഷിക്കുവാൻ, മതബോധനം എത്രമാത്രം ആവശ്യമായിരിക്കുന്നു? ഈ ദുർഘടാവസ്ഥയെ തരണം ചെയ്യുവാൻ ഇന്ന് നിലവിലുള്ള സണ്ടേസ്കൂൾ പ്രസ്ഥാനം ശക്തിമത്താക്കിതീർക്കുകയല്ലാതെ മറെറന്തു മാർഗ്ഗമാണുള്ളതു? ക്രിസ്തുമതബോധനത്തിലൂടെ യഥാർത്ഥമായ ദൈവീകവിശ്വാസവും സമത്വചിന്തയും സാഹോദര്യവും നിലനിറുത്തുവാൻ കഴിയുന്നു.

ക്രിസ്തീയജീവിതത്തെ സുശോഭനമാക്കുന്ന വെള്ളത്തീപമെന്നോണം നിലകൊള്ളുന്ന സണ്ടേസ്കൂൾ പ്രസ്ഥാനത്തിൽ ഇത്ര അനാസ്ഥയുണ്ടാകുവാനുള്ള കാരണം എന്താണ്? ഇതര ക്രൈസ്തവ വിഭാഗങ്ങളുടെ സണ്ടേസ്കൂൾ പ്രസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ നാം വളരെ പിന്നിലാണെന്ന് ലജ്ജാസമന്വിതം സമ്മതിക്കേണ്ടിയിരിക്കുന്നു. സണ്ടേസ്കൂളിൽ കുട്ടികളെ അയക്കുന്നതു തന്നെ എന്തോ അപകർഷഹേതുവാണെന്ന് ചിന്തിക്കുന്നവരും നമ്മുടെ സമുദായത്തിലുണ്ടെന്ന് പറയേണ്ടിവന്നതിൽ പരിതപിക്കുന്നു. ഇന്ന് നമ്മുടെ പള്ളികളോടു സംബന്ധിച്ച് നടത്തിവരുന്ന സണ്ടേസ്കൂളുകളിൽ തൊണ്ണൂററിഅൻപതു ശതമാനവും കേവലം നാമമാത്രങ്ങളാണ്. ചില സ്ഥലങ്ങളിലെ സണ്ടേസ്കൂളുകളുടെ നിലനില്പുതന്നെ തന്നാണ്ടത്തെ ഭരണക്കാരുടെ സന്മനോഭാവത്തെ ആശ്രയിച്ചാണിരിക്കുന്നതു. ചിലരുടെ, സണ്ടേസ്കൂളിനോടുള്ള പെരുമാററം കണ്ടാൽ അതു ചില അദ്ധ്യാപകന്മാരുടെ നിർബ്ബന്ധംകൊണ്ടുമാത്രം നടത്തുന്നതാണെന്നു തോന്നും. ഈ അനാസ്ഥ മാറണം. സണ്ടേസ്കൂൾ ദേവാലയംപോലെ അത്യാവശ്യമാണെന്നും സണ്ടേസ്കൂൾ നടത്തിപ്പിൽ ഇടവകക്കാർക്ക് ദേവാലയത്തെപ്പോലെയുള്ള ചുമതലയുണ്ടെന്നുമുള്ള ഒരവസ്ഥ സംജാതമാകണം.

സമുദായത്തിലെ ഓരോ വ്യക്തിക്കും കുറഞ്ഞതു നാലാംക്ലാസ്സ് വരെയെങ്കിലും വേദപഠനം സിദ്ധിക്കണം. ഇങ്ങിനെയുള്ള ഒരവസ്ഥ എങ്ങിനെ ഉണ്ടാക്കുവാൻ കഴിയും? സമുദായാംഗങ്ങളുടെ മതബോധനം നിർബ്ബന്ധമാക്കത്തക്കവിധത്തിൽ, മതപരമായ ചില ചടങ്ങുകളുടെ നിർവ്വഹണസമയത്തു് ഉപകരിക്കത്തക്കവിധത്തിൽ ഒരു നിയമം ഉണ്ടായാൽപോലും അതു് അധികമായിപ്പോകുകയില്ല.

ഈ അവസ്ഥയെ തരണം ചെയ്യുവാൻ ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിന് എല്ലാ സമുദായപ്രേമികളും വിശിഷ്യാ മലങ്കര സിറിയൻ സണ്ടേസ്കൂൾ അസോസ്യേഷ്യൻ ഭരണസമിതിയും പരിശ്രമിച്ചു കാണുവാൻ ഹൃദയംഗമമായി ജഗദീശ്വരനോടു് പ്രാർത്ഥിച്ചുകൊള്ളുന്നു.

ബാലപംക്തി

19-ാം ചോദ്യത്തിൻെറ ശരിയായ ഉത്തരം:—

അധർമ്മമൂർത്തി (അന്തിക്രിസ്തു) യുടെ അവസാനത്തെപററി തെസ്സലോനീക്യാ ലേഖനത്തിൽ പറയുന്ന വാക്യം 2 തെസ. 2: 8 ആണ്. "അവനെ കർത്താവായ യേശു തൻെറ വായിലെ ശ്വാസത്താൽ ഒടുക്കി തൻെറ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും."

ശരിയായ ഉത്തരം തന്നവർ:— 1) കെ. ജെ. അബ്രഹാം, മണർകാട്; 2) കെ. വി. മാത്തുക്കുട്ടി, ഏററുമാനൂർ; 3) ടി. കെ. അബ്രഹാം, പുതുപ്പള്ളി; 4) പി. ററി. മറിയാമ്മ, അങ്കമാലി; 5) മിസ്സ്. തങ്കമ്മ കോശി, പാററത്തോട്; 6) പി. എം. ചാണ്ടി, കുമരകം; 7) ലീലാമ്മ കുറിയാക്കോസ്, തലയോലപ്പറമ്പ്; 8) എം. പി. കോർള, പെരുമ്പാവൂർ; 9) ജോർജ്ജ് വർഗ്ഗീസ്, കുമരകം; 10) വി. എം. ശോശാമ്മ, തലയോലപ്പറമ്പ്; 11) വി. എം. മാത്യു, തലയോലപ്പറമ്പ്; 12) എ. വി. ചിന്നു, മഞ്ഞപ്ര; 13) സി. എ. ചാണ്ടികുഞ്ഞ്, കുറിച്ചി; 14) എം. കെ. വർഗ്ഗീസ്, കോതമംഗലം.

തോററവർ:— കെ. ജെ. ചാക്കോ.

22-ാം ചോദ്യം:—

നാലുതരം സുവിശേഷങ്ങളെപററി പുതിയ നിയമത്തിൽ പറയുന്നു: 1) മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായം. 2) അപ്പസ്തോലപ്രവൃത്തികളുടെ പുസ്തകം 20-ാം അദ്ധ്യായം 3) 2. കൊരിന്തി. 4-ാം അദ്ധ്യായം. 4) വെളിപാട് 14-ാം അദ്ധ്യായം. ഈ ഓരോ സുവിശേഷത്തിൻേറയും പേര് വാക്യസഹിതം പറയുക.

N. B. ഉത്തരം 1 ചക്രം സ്റ്റാമ്പുസഹിതം മീനം 30-ാംനു-യ്ക്കകം പത്രാധിപരുടെ പേർക്ക് അയയ്ക്കേണ്ടതാകുന്നു.

വി: പൌലോസിൻെറ ജീവചരിത്രം.

(നെടുംതള്ളിൽ ഗീവറുഗീസ് കത്തനാർ, കോതമംഗലം)

(തുടർച്ച)

തെസ്സലോനിക്യൻ ആചാര്യന്മാരുടെ ഒരു ലേഖനസഹിതം തെസ്സലോനിക്യായിൽനിന്ന് തീമോഥെയോസും വന്നുചേർന്നു. അവരുടെ ലേഖനത്തിൽ അവിടെയുള്ള സംഗതികളുടെ വിവരണവും അപ്പസ്തോലനോടുള്ള ആലോചന ചോദിക്കലും ഉൾപ്പെട്ടിരുന്നു. (1 തെസ്സ. 2: 14-16). അപകടനിലകളെക്കുറിച്ച് വ്യസനിക്കേണ്ടിയിരുന്നെങ്കിലും, സഭ സുസ്ഥിരമായിരിക്കുന്നുവെന്നുള്ള സദ്വർത്തമാനവും അതിലുണ്ടായിരുന്നു (1 തെസ്സ. 3:6-8). ന്യായപ്രമാണാചാരത്താലല്ല, വിശ്വാസത്താലത്രെ രക്ഷ എന്നതും കർത്താവിൻെറ വരവ് ഉടൻതന്നെ (നില്ക്കുന്ന തലമുറയിൽ തന്നെ) എന്നു തോന്നുമാറുള്ള പ്രസ്താവനയും, അപ്പസ്തോലൻ പണസഹായം സ്വീകരിച്ചതും, തെസ്സലോനിക്യയിൽ സംശയാസ്പദവും കുററകരവും ആയി തോന്നിയതിനാലും (1 തെസ്സ. 2: 3, 5). ഇവ സംബന്ധമായി വലിയ തർക്കങ്ങൾ തെസ്സലോനിക്യയിൽ ഉണ്ടായി, പട്ടക്കാർക്ക് മറുപടി കൊടുപ്പാൻ പ്രയാസം നേരിടുകയാലാണത്രെ അവർ ആലോചന ചോദിച്ചതു്.

ആകയാൽ, പൌലോസ് തെസ്സലോനിക്യർക്കുള്ള 1-ാം ലേഖനം എഴുതി. (51 ഒക്ടോബർ) പൌലോസിൻെറ ലേഖനങ്ങളിൽവച്ച് ഏററവും ആദ്യത്തേതു് ഇതാണ്. ഇതു് തൻെറ സ്വന്ത കൈകൊണ്ടല്ല; എന്നാലൊ, പറഞ്ഞുകൊടുത്തു് എഴുതിക്കയത്രെ ചെയ്തതു്. പൌലോസിൻെറ കൈ, വേലകൊണ്ടു് തഴമ്പുപിടിച്ചതും, കണ്ണ് ബലഹീനമായതും ആയിരുന്നതിനു പുറമെ, കയ്യക്ഷരം വലുതും (ഗലാ. 6: 11), എഴുതേണ്ട പാപ്പീറുസ് (Papirus) കടലാസ്സ് വിലയേറിയതാകയാൽ വളരെ സ്ഥലം ചെലവഴിക്കുന്നതു് അസാദ്ധ്യവും ആയിരുന്നതിനാൽ, എഴുത്തുകാരൻ ലേഖനം എഴുതിയശേഷം അവസാനം അനുഗ്രഹവചനം സ്വന്ത കൈപ്പടയിൽ എഴുതി ഒപ്പുവച്ച് സാക്ഷിക്കയായിരുന്നു അപ്പസ്തോലൻ ചെയ്തുപതിവു് (2 തെസ്സ. 3: 17, 18; 1 കോറി. 16: 21; കോലാ. 4: 18). കൈപ്പട ശീലാസിൻേറയൊ തീമോഥെയോസിൻേറയൊ ആയിരിക്കണം. ശീലാസ് പത്രോസിൻെറ കീഴിൽ ഈ ജോലി നന്നായി ചെയ്തവനാണ്. (1 പത്രോ. 5: 12). പൌലോസും ശീലാസും തീമോഥെയോസും ഒന്നിച്ചെഴുതുന്നപോലെ (1 തെസ്സ. 1: 1). 'ഞങ്ങൾ' എന്ന പദം എവിടേയും ചേർത്തിരിക്കുന്നു. ലേഖനത്തിൽ പൌലോസ്, തൻെറ വേലയുടെ ഫലത്തേയും തെസ്സലോനിക്യസഭയുടെ വിശ്വാസസ്ഥിരതയേയുംപററി ഓർത്തു് സന്തോഷിക്കുകയും, ക്രിസ്തീയ നടപടിയെപ്പററിയും കർത്താ

വിൻെറ വരവിനേയും വിശുദ്ധജീവിത പ്രമാണങ്ങളേയും പററി ഉപദേശിക്കയും ചെയ്യുന്നു. തീമോഥെയോസ് വശമായിരിക്കണം ഈ ലേഖനം അയച്ചതു്.

സെപ്തംബർ മാസത്തിലാണു് പൗലോസ് കോറിന്ത്യയിൽ വന്നതു്. അവിടെ താമസിക്കണമെന്നു് തന്നിക്കു് വിചാരമില്ലായിരുന്നു. മക്കേദോനിയായിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നായിരുന്നു പ്രതീക്ഷ. സഖാക്കളുടെ വരവിനെ കാത്തു് കൂടാരപ്പണിയിൽ ഏപ്പെട്ടുകൊണ്ടു് താമസിച്ചിരുന്നപ്പോഴം, അവസരംപോലെ ക്രിസ്തുവിനെ സാക്ഷീകരിച്ചുമിരുന്നു. ഒക്ടോബർമാസത്തിൽ തീമോഥെയോസ് തെസ്സലോനിക്യയിൽനിന്നും എത്തിയപ്പോഴം അവിടെ പീഡ തുടരുന്നതായി ഗ്രഹിച്ചു്, കോറിന്തിൽ കുറെക്കൂടി താമസിക്കേണ്ടതായി വന്നു. ആകയാൽ, തെസ്സലോനിക്യായിലേക്കു് ലേഖനമയച്ചിട്ടു് കോറിന്തിൽ ശുഷ്കാന്തിയോടെ വേലചെയ്തു. ഫിലിപ്പിയരുടെ ഔദാര്യംമൂലം കൂടാരപ്പണിവിട്ടു് മുഴവൻ സമയവും സുവിശേഷവേലയ്ക്കുപയോഗിപ്പാൻ സാധിച്ചു. സിന്നഗോഗിൽ യേശു, ക്രിസ്തുവാകുന്നു എന്നു് സാക്ഷീകരിച്ചുകൊണ്ടിരുന്നു. കോറിന്ത്യർ, ന്യായവാദത്തിനു് സമാധാനം പറവാൻ നിവൃത്തിയില്ലാതെ വന്നപ്പോഴം, പൗലോസിനെ ഭീഷണിപ്പെടുത്തുവാനും ദൈവദൂഷണക്കുററം അവൻെറ മേൽ ചുമത്തുവാനും തുടങ്ങി. അപ്പോഴം. "ഇനി അവരോടു് പ്രതിവാദമില്ല" എന്നു് സൂചിപ്പിക്കുംവിധം വസ്ത്രം കുടഞ്ഞു. (നഹെ. 5: 13). ആകയാൽ അവരെ വിട്ടു് പുറജാതികളിലേക്കു് തിരിഞ്ഞു. ['വസ്ത്രംകീറുക' എന്നതു് വി. മത്താ. 26: 65; അപ്പ. പ്ര. 14: 14; ദൈവദൂഷണത്തോടുള്ള എതിർപ്പിനേയും, 'കാലിൽനിന്നു് പൊടി തട്ടിക്കളക' എന്നതു് (വി. മത്താ. 10:14; അപ്പ. പ്ര. 13: 51) അശുദ്ധ വിജാതീയ മണ്ണുവിട്ടു് വിശുദ്ധനാട്ടിലേക്കു് പോകുമ്പോഴം യഹൂദന്മാർക്കുള്ള ഒരു നടപടിയേയും, 'വസ്ത്രത്തിൻെറ തുറന്ന ഭാഗം വലത്തുകയ്യിൽ എടുത്തു കുടയുക' എന്നതു് "അതുമായിട്ടു് യാതൊരു കാര്യവുമില്ല" എന്നതിനേയും സൂചിപ്പിക്കുന്നതാണു്.]

സിന്നഗോഗിലെ ഒരു ഭരണക്കാരനായിരുന്ന ക്രിസ്പോസ് കുടുംബസഹിതം വിശ്വസിച്ചു. ഒരു റോമൻ കുടിയേററക്കാരനും "ദൈവഭയമുള്ളവർ" എന്ന ഇനത്തിൽ പെട്ടവനുമായ തിത്തിയോസ് യുസ്തോസും വിശ്വസിച്ചു. ഇവൻെറ വീട്ടിൽ പൗലോസ് താമസിച്ചു. "ദൈവഭയമുള്ളവരി"ൽ പെട്ടവനായ ഗായോസ് എന്നൊരാളും വിശ്വസിക്കയും അദ്ദേഹം കോറിന്ത്യാസഭയിലെ ഒരു വിലയുള്ള അംഗമാണെന്നു് തെളിയിക്കയും ചെയ്തു. (റോമ. 16: 23). ക്രിസ്പോസിനേയും സ്തേഫാനോസിനേയും അവൻെറ ഭവനക്കാരേയും മാത്രമെ പൗലോസ് സ്വന്തകൈകൊണ്ടു് മാമ്മോദീസാ മുക്കിയുള്ളു. (1കോറി. 1:14). തിത്തിയോസ് യുസ്തോസിനെ ശീലാസായിരിക്കാം സ്നാനം കഴിപ്പിച്ചതു്.

ധാരാളം പേർ കോറിന്തിൽ വിശ്വസിക്കയുണ്ടായി. സിന്നഗോഗിന്നടുത്തുള്ളതായ യുസ്തോസിൻെറ ഭവനത്തിൽ താമസിച്ചു് സുവിശേഷവേല ചെയ്തതുകൊണ്ടു് യഹൂദന്മാൎക്കു് വിരോധം വർദ്ധിച്ചു. സ്ഥിതി വളരെ ആപൽക്കരമായിരുന്നു. (2 തെസ്സ. 3: 2). ഇങ്ങനെയിരിക്കെ, തെസ്സലോനിക്യായിൽ കുഴപ്പമാണെന്നുള്ള വാൎത്തയുമായി തീമോഥെയോസ് എത്തി. പീഡ തുടൎന്നുകൊണ്ടിരുന്നുവെന്നു മാത്രമല്ല, മരണാനന്തരാവസ്ഥയെപ്പററിയുള്ള വാദവും അവിടെ വർദ്ധമാനമായിരുന്നു. (2 തെസ്സ. 1: 4-7) കൎത്താവിൻെറ വരവു് സമീപമായിരിക്കുന്നു എന്നൊരു ബഹളവും (2 തെസ്സ. 2:2), അതുമൂലം വേല ചെയ്യേണ്ടതില്ല എന്ന വിചാരത്താൽ മടിയനായി കഴിച്ചുകൂട്ടുക എന്നതും (2 തെസ്സ. 3: 11) അവിടത്തെ വാൎത്തയിൽ പെടുന്നു. ഇതായിരുന്നു തെസ്സലോനിക്യായിലെ സ്ഥിതി. പൗലോസ് ഇപ്രകാരമുള്ള വിഷമനിലയിലിരിക്കുമ്പോഴം; കോറിന്ത്യായിലെ വേലയ്ക്കു് അവനെ ധൈര്യപ്പെടുത്തുന്ന ദൈവകല്പന ദർശനത്തിൽ ഉണ്ടായി (അപ്പ. പ്ര. 18: 9-10).

ഏവംവിധം കൎത്താവിനാൽ ധൈര്യപ്പെടുത്തപ്പെട്ടശേഷം ഒന്നാമതായി പൗലോസ് ചെയ്തതു്, തെസ്സലോനിക്യയിലേക്കു് വേറൊരു ലേഖനം-തെസ്സലോനിക്യക്കുള്ള 2-ാം ലേഖനം-അയക്കുക എന്നതായിരുന്നു. ഇതു് ഗൗരവമായ ഒരു കാര്യവുമായിരുന്നു. മക്കേദോനിയായിലുള്ള തൻെറ ശുശ്രൂഷസമയത്തു്, മ്ശീഹാ ആ തലമുറയിൽതന്നെ പ്രത്യക്ഷപ്പെടുമെന്നു് വിചാരിക്കത്തക്ക നിലയിൽ പ്രസ്താവിച്ചിരുന്നു. കൂടാതെ തൻെറ 1-ാമത്തെ ലേഖനത്തിൽ ഏതാണ്ടു് ഇതിനെ ഉറപ്പിക്കയുതെ ചെയ്തു. (1 തെസ്സ. 4: 5-17). ഈ പഠിപ്പിക്കലിനെ തെററിദ്ധരിച്ചതാണു് കുഴപ്പത്തിനൊക്കെ കാരണം. ആകയാൽ അതിനെ തിരുത്തി ശരിപ്പെടുത്തേണ്ടിയിരുന്നു. കൎത്താവു് അരുളിചെയ്ത ദൃഷ്ടാന്തങ്ങളിൽ കാണുംപ്രകാരം (വി. ലൂക്കാ. 4: 28; വി. മത്താ. 13: 33; 25: 5, 14, 19) ...ൻെറ വരവു് പടിപടിയായ വളൎച്ചയിൽ സാധിക്കേണ്ടതാണു്. ഈ സംഗതി പൗലോസ് തെസ്സലോനിക്യരോടു് ... പറഞ്ഞിരുന്നതാണു്. (2 തെസ്സ. 2: 5). ഇതു് ... ക്ഷിപ്തമായിട്ടായിരുന്നതിനാൽ അവർ വേണ്ടവണ്ണം ഗ്രഹിച്ചില്ലായിരിക്കാം. അന്ത്യത്തിനു മുമ്പു് 'അധൎമ്മമൂൎത്തി' ... പ്രത്യക്ഷപ്പെടണമെന്നുള്ളതു് യഹൂദവിശ്വാസമായിരുന്നു (ദാനി. 11:36). ഈ യഹൂദവിശ്വാസത്തെ ക്രിസ്തീയ ... ശാസ്ത്രത്തിൽ പുതുക്കി നിലനിറുത്തേണ്ടതായിരുന്നു.

ശീഹായുടെ ആദ്യവരവല്ല, എന്നാലൊ, തൻെറ പ്രത്യാഗമനമാണു് അന്ത്യം എന്നു് നവീകരിച്ചു് പ്രത്യക്ഷപ്പെടുത്തേണ്ടിയിരുന്നു. തെസ്സലോനിക്യക്കുള്ള രണ്ടാം ലേഖനത്തിലാണു് ഈ സംഗതി ക്രിസ്തീയസാഹിത്യത്തിൽ ആദ്യമായി പ്രസ്താവിച്ചുകാണുന്നതു്. ഒന്നാം ശതവൎഷത്തിൻെറ അവസാനഭാഗത്തു് 'അധൎമ്മമൂൎത്തി'ക്കു് 'അന്തിക്രിസ്തു' എന്ന പേർ കൊടുക്കുന്നതായി കാണുന്നു. വി. യോഹന്നാനാണു് ആദ്യമായി ഈ പേർ ഉപയോഗിക്കുന്നതു്. പുതിയ നിയമത്തിൽ അദ്ദേഹം മാത്രമെ ഈ പേർ പ്രയോഗിക്കുന്നുള്ളു. 1. യോഹ. 2: 18, 22; 4: 3; 2 യോഹ. 7). പൗലോസ് ഈ പേർ ഉപയോഗിക്കുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ ആശയം ഉൾക്കൊള്ളുന്നതതെ ഇതു് ... നാമം. (2 തെസ്സ. 2:4).

ആകയാൽ, 'അന്തിക്രിസ്തു' പ്രത്യക്ഷപ്പെട്ടശേഷമെ ക്രിസ്തു വരികയുള്ളു എന്ന സംഗതി പൗലോസ് തെസ്സലോനിക്യരെ ഗ്രഹിപ്പിക്കുന്നു. (2 തെസ്സ. 2: 1-12). കൂടാതെ വിശ്വാസത്യാഗവും സംഭവിക്കണം. (2 തെസ്സ. 2: 3) ഇങ്ങനെ തെളിയിച്ചശേഷം, ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തെ സംബന്ധിച്ചുണ്ടായ ചില ഇളക്കങ്ങൾമൂലം ചിലർ ജോലിചെയ്യാതെ മടിയായിരുന്നതിനെക്കുറിച്ചു് ശാസിക്കുന്നു. (2 തെസ്സ. 3: 6-15). ഈ ലേഖനം നവംബർ മാസത്തിലായിരിക്കണം തീമോഥെയോസ് വശം അയച്ചതു്.

ലേഖനം അയച്ചശേഷം ശക്തിയായി പൗലോസ് കോറിന്ത്യായിൽ സുവിശേഷവേല ചെയ്തു. ശീലാസും കൂടെ ഉണ്ടായിരുന്നു. തീമോഥെയോസ് അധികം താമസിയാതെ മടങ്ങിവരികയും ചെയ്തു. യഹൂദന്മാർ സുവിശേഷവർദ്ധനവുകണ്ടു് സ്പൎദ്ധപൂണ്ടു് എതിൎപ്പുണ്ടാക്കി. അഖായ ഒരു സെനറേററിയൻ സംസ്ഥാനമാകയാൽ ഓരോ വൎഷത്തേക്കു മാത്രം പ്രവൎത്തനമുള്ള ദേശാധിപതിയാൽ (Proconsul) ഭരിക്കപ്പെട്ടിരുന്നു. പ്രോക്കൊൺസൽവൎഷം ജൂലൈ 1-ാനു-യാണു് ആരംഭിക്കുക. ആകയാൽ പുതിയ ദേശാധിപതിയായ എൽ. ജൂനിയൂസ് അന്നായൂസ് ഗാലിയൊ (L. Junius Annaeus Gallio) യുടെ ഭരണം 51 ജൂലൈ 1-ാനു- തുടങ്ങി. ഇദ്ദേഹം പ്രസിദ്ധനായ അന്നായൂസ് സെനക്ക (Annaeus Seneca) യുടെ സഹോദരനാണു്. ഗല്ലിയൊ ഒരു നീതിജ്ഞനായിരുന്നു. പൗലോസ് ന്യായപ്രമാണത്തിന്നെതിരായി ദൈവത്തെ സേവിപ്പാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നുവെന്ന കുററം ചുമത്തപ്പെട്ടു് ഗാലിയോയുടെ സമക്ഷം ഹാജരാക്കപ്പെട്ടു. മതസംബന്ധമായ കാൎയ്യമെങ്കിൽ താനു അതിൽ പ്രവേശിപ്പാൻ തയ്യാറില്ലെന്നു് ഗല്ലിയൊ എതിൎത്തുപറഞ്ഞു. വൈരാഗ്യംപൂണ്ട യഹൂദന്മാർ, ദേശാധിപതിയുടെ മുമ്പിൽ വച്ചുതന്നെ സിന്നഗോഗു് പ്രമാണിയായ സൊസ്തേനസ്സിനെ പിടിച്ചടിച്ചു. ഈ സൊസ്തേനസ്സ് ക്രിസ്പോസിൻെറ പിൻഗാമിയായിരിക്കണം. ഇദ്ദേഹം 1 കോറ. 1: 9-ൽ പറയുന്ന ആളാണെങ്കിൽ ക്രിസ്ത്യാനിയായി തീൎന്നിരിക്കാം. അതുകൊണ്ടായിരിക്കണം യഹൂദന്മാർ അടിച്ചതു്. അല്ലാത്തപക്ഷം, അനാവശ്യമായ കേസുംകൊണ്ടു് വന്ന യഹൂദപ്രമാണിയായിരുന്നതുകൊണ്ടു് കേസുകേൾക്കാൻ വന്ന ഗ്രീക്കുകാരെല്ലാംകൂടി ഇയാളെ അടിച്ചായിരിക്കാം. എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, ദേശാധിപതി ഇതൊന്നും വകവച്ചില്ല. അദ്ദേഹത്തെക്കുറിച്ചു് 'അഗണ്യമാക്കി' (Indifferent) എന്നു പറയുന്നതിനേക്കാൾ റോമൻ നീതിയുടെ (Roman Justice) ഒരു ദൃഷ്ടാന്തമായി കരുതുകയാണു് നല്ലതു്. റോൻ നീതിന്യായം പൗലോസിനു് പലപ്പോഴം ഗുണമായി തീൎന്നിട്ടുണ്ടല്ലൊ. ഇതെല്ലാം സംഭവിച്ചതു് 52-ആഗസ്റ്റിലാണു്. പിന്നീടു്, 53 ഫെബ്രുവരി അവസാനം വരെ നിരുപദ്രവമായി, പൗലോസ് അവിടെ വേലചെയ്തു.

P. 456

വൈദീകയോഗം.

ആലുവാ സിമ്മനാരിയിൽവച്ചു്

വലിയനോമ്പിൻെറ രണ്ടാം ആഴ്ചയിലെ തിങ്കളാഴ്ചമുതൽ വെള്ളിയാഴ്ചവരെ രണ്ടു ഗ്രൂപ്പുകളായി നടത്തുന്നു.

അങ്കമാലി, കണ്ടനാട്ടു് ഭദ്രാസന ഇടവകകളുടെ വൈദികധ്യാനയോഗം വലിയനോമ്പിൻെറ രണ്ടാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വെള്ളിവരെ (മീനം 1—5) ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽവച്ചു് വന്ദ്യതിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതാണു്. ആദ്യത്തെ ഗ്രൂപ്പ് തിങ്കളാഴ്ചമുതൽ ബുധനാഴ്ചവരെയും രണ്ടാമത്തെ ഗ്രൂപ്പ് ബുധനാഴ്ച മുതൽ വെള്ളിയാഴ്ചവരെയും ആയിരിക്കുന്നതാണു്.

എന്നു്,
സെക്രട്ടറിമാർ,
പൈനാടത്തു് അവിരാ പൗലോസ് കത്തനാർ
മങ്ങാട്ടമ്പിള്ളിൽ അലക്സന്ത്രയോസ് കത്തനാർ

നി. വ. ദി. ശ്രീ. മലങ്കരയുടെ പൌലൂസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്.

(വ. പറവൂർ.)

സമുദായരക്ഷസിന്റെ പണപ്പിരിവിനുവേണ്ടി വടക്കൻ പറവൂർ പള്ളിയിൽ, എഴുന്നള്ളി താമസിച്ചിരുന്ന മലങ്കരയുടെ നി. വ. ദി. ശ്രീ. മോർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് തൃക്കുന്നത്തു സിമ്മാരിയിലേക്കു് മാറിപ്പോയിരിക്കുന്നു. പറവൂർ പള്ളിക്കാർ സമുദായക്കേസ്സിലേക്കുവേണ്ടി ഇപ്പോഴും സന്തോഷത്തോടു കൂടി 5000 രൂപാ സംഭാവന ചെയ്തു. ഇനിയും അത്യാവശ്യമെന്നു തോന്നുമ്പോൾ കൂടുതൽ സംഖ്യ കൊടുക്കുന്നതിനു് തയാറാണെന്നുകൂടി പള്ളിക്കാർ തിരുമനസ്സറിയിക്കയുണ്ടായി.

(ഒരു ഇടവകക്കാരൻ.)

വൈലിപ്പറമ്പിൽ നി. വ. ദി. ശ്രീ. മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്.

(ഓമല്ലൂർ.)

പൊയ്ക്കാട്ടുശ്ശേരി പള്ളി പെരുന്നാളും മേയ്ക്കാട്ടു ചാപ്പലിലെ പ്രസംഗമഹാമഹവും കഴിഞ്ഞു് നി. വ. ദി. ശ്രീ. ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മഞ്ഞനിക്കരയിലെ പെരുന്നാളിൽ സംബന്ധിപ്പാനായി ഇവിടെ എത്തിയിരുന്നു. തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ മൂന്നുമ്മേൽ കർബ്ബാനയും പ്രസംഗയോഗവും നടത്തപ്പെട്ടു. ഉച്ചഭാഷിണിയുടെ സഹായത്തോടുകൂടി നടത്തപ്പെട്ട തിരുമനസ്സിലെ വി. കർബ്ബാനയും പ്രസംഗവും അനേകായിരത്തിനു് ആത്മചൈതന്യവും ഉണർവ്വും നല്കി. പെരുന്നാൾ കഴിഞ്ഞു് തിരുമേനി കോട്ടയം സിംഹാസനപള്ളിയിൽ എഴുന്നള്ളി.താമസിച്ചു് ഞായറാഴ്ച കർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തതിനുശേഷം ആലുവായ്ക്കു് മടങ്ങിപ്പോയിരിക്കുന്നു. ഈ വഷത്തെ ഓമല്ലൂർ പെരുന്നാൾ, ബാഹ്യചടങ്ങുകൾ കുറച്ചിട്ടു് ആത്മീകമായ ഒരു അന്തരീക്ഷത്തിലാണു് നടത്തപ്പെട്ടതെന്നുള്ളതു് എത്രയും ചാരിതാത്ഥ്യജനകമത്രെ.

(ശ്ലോറി ചെറിയാൻ)

സുറിയാനി സെമ്മിനാരിക്കു വേണ്ടിയുള്ള

പിരിവു ലിസ്റ്റ് (തുടർച്ച)

29. ക്രാരിയേലി പള്ളി.

ഒരു രൂപാ സംഭാവന ചെയ്തവർ:—

അതിരംപുഴ പൈലി, പൊക്കത്തായി വക്കി, ... പൗലോസ്, കോട്ടപ്പുഴ പൈലി, പുല്ലാംകുടി കുര്യാക്കോസ്, ... ക്കര പാപ്പി, കോട്ടപ്പുഴ ചാക്കൊ, മലയിടാൻ കുരിയാക്കൊ, ... ശ്ശേരി പൌലോസ്, കാണിയാടൻ വക്കി, മങ്ങാടൻ ചെറിയ ... കെ. പൈലി, മററപ്പിള്ളി ഇസഹാക്കു്, വി. വക്കി, കിളിനാ ... സ്കൂറിയ, ടി. ദാനിയേൽ, ടി. കുരുവിള, തുരുത്തി മത്തായി, മാ ... ന വക്കി, വി. ചാക്കൊ, കെ. വക്കി, സി. ഉലഹന്നാൻ, കരു ... കാല പൗലോസ്, ടി. വറുഗീസ്, മങ്ങാടൻ വക്കി, ടി. ചെറി ... കാരിക്കുടി പൈലി, എൻ. ദാവീദു്, കാരിക്കുടി വക്കി, ടി. പൈ ... അച്ചായം മത്തായി, ടി. ചുമ്മാറു്, മുട്ടാംചേരി പാവു, മാട ... ഗീവറുഗീസ്, കെ. കുരിയൻ, പുത്തൻകുടി കുരിയാക്കൊ, കെ. ... ക്കി, പി. കുരിയാക്കൊ, പാംകോട്ടു മത്തായി, ടി. ചാക്കൊ, ... യ്ക്കൽകുടി കുരുവിള, മാനേക്കുടി ദാനിയേൽ, നെടുംപിള്ളി വ ... അതിരംപുഴ പൗലോസ്, നമ്മനാലി വക്കി, മരട്ടിക്കാട്ടു് പൗലോ ... സ്, തോട്ടങ്ങ മത്തായി, ടി. പൈലി, പാങ്കോടൻ പൈലി, ... നാത്തു മാത്തു, എം. ഔസേപ്പു്, മററമന മാത്തു, ടി. ഇസ ... ക്കു്, ചിററേത്തുകുടി ദാനിയേൽ, ടി. വറീതു്, ചേണാലി മത്താ ... യി, എമ്പാശ്ശേരി ഔസേപ്പു്, തോട്ടംപുറം പത്രോസ്, കല്ലറ ... കോര, മററത്തിൽ പത്രോസ്, ഏ. പൈലി, പാറയ്ക്ക മത്തായി, കരിമ്പുംകാല വക്കി.

രണ്ടു രൂപാ: മലയിടാൻ മാത്തു, ടി. ബഹനാൻ, നമ്മനാലി വ ... ക്കി, മററമന വറുഗീസ്, പാണാട്ടു മത്തായി, കൊച്ചുകുടി കുരിയാ ... ക്കൊ, ടി. വക്കി, കാണിയാടൻ ഇസഹാക്കു്, വാഴപ്പിള്ളിക്കുടി വ ... ക്കി, കുഴിക്കാടൻ ഇട്ടൂപ്പു്, ആററുപുറം ശീമോൻ, പാങ്കോടൻ ... രിയാക്കൊ, പുതുശ്ശേരി മത്തായി, കുറങ്ങാടൻ വക്കി, മണ്ടാ ... വക്കി, മററമന ഇത്താപ്പിരി, നെല്ലിക്കാക്കുടി കുരിയാക്കൊ, ... ട്ടിയകുന്നാൻ കുരിയൻ.

മൂന്നു രൂപാ: മാനച്ചേരി മത്തായി, ത്രാമ്പിക്കുടി പൈലി, കൊ ... ച്ചുകുടി പൈലി, മററമന മത്തു, മാലിക്കുടി കോര.

അഞ്ചു രൂപാ: അതിരംപുഴ പൈലി, ടി. ചാക്കൊ, ടി. എല്ലുവ ... ടി. വക്കി, മലയിടാൻ വറുഗീസ് (4 രൂ.) മടത്തിവീടൻ ക ... റ, പുതുശ്ശേരി ചാക്കൊ, താന്നാട്ടുകുടി ചാക്കൊ, മററമന തൊമ്മ ... കൊച്ചുകുടി പൈലി, മററമന ഇത്താപ്പിരി, വാഴപ്പിള്ളിക്കുടി മാ ... (4 രൂ.), ആററുപുറം വക്കി, പാങ്കോടൻ വക്കി, പല്ലാംകുടി കോ ... വെള്ളൊട്ടറ വക്കി, മൂത്താട്ടു വറുഗീസ്, പാത്തിക്കൽ ഗീവറുഗീസ്.

പത്തു രൂപാ: കരിമ്പുംകാല മാത്തു, ടി. ഉതുപ്പു്.

പതിനഞ്ചു രൂപാ: ക്രൂരൻ ചാക്കൊ മാത്തു

ഒരു രൂപായിൽ കുറഞ്ഞ സംഭാവന.	60—5—0
ടി. പള്ളിയിൽനിന്നും ആകെ പിരിവു്	287—5—0
മുൻ ലിസ്റ്റിൻപടി	11277—1—0
നാളതുവരെ ആകെ.	11564—6—0

എന്നു് കല്പനപ്രകാരം പൌലോസ് രമ്മാങ്ങൽ.

മാനേജർ: ബ: കോച്ചേരിൽ വറുഗീസ് കത്തനാർ, തൃക്കുന്നത്തു സിമ്മനാരി, ആലുവാ.
പത്രാധിപർ: ബ: വി. സി. ഗീവറുഗീസ് കത്തനാർ B. A., തൃക്കുന്നത്തു സിമ്മനാരി, ആലുവാ.
Printed at the S. G. Press, Parur & Published at Alwaye by Rev. Fr. V. C. ...